# SANTHOM VOICE

Ramanathapuram Diocesan Bulletin



Vol. 11 | 2020 APRIL | No. 4






സീറോമലബാർ സഭയുടെ പിതാവും തലവനുമായ

**മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന്**

രാമനാഥപുരം രൂപതയുടെ

പ്രാർത്ഥനാനിർഭരമായ തിരുനാൾ ആശംസകൾ

*Festal Greetings*



**April 24**



Mgr. George Narikuzhi



Fr. Joby Thekkinedath



Fr. Varghese Puthanangadi



Fr. George Cheruvathur



Fr. Geo Kunnathuparambil



Fr. Geo Chiriankandath

## New Presbyteral Council



Fr. Johnson Veepattuparambil
Presbyteral Council Secretary



Fr. Thomas Kavungal
Agenda Committee



Fr. Paul Pulikottil
Agenda Committee



Fr. Martin Pattarumadathil
Agenda Committee

## New Pastoral Council



Mr. T.K. Cyriac
(Secretary)



Dr. Louly Divyamon
(Joint Secretary)


## ആദരാഞ്ജലികൾ



**Most Rev. Dr. Soudararaju Periyanayagam, SDB**
Bishop of Vellore

# SANTHOM VOICE
Ramanathapuram Diocesan Bullettin

Vol. 11, 2020 APRIL, No.4



Imprimatur
(Sd)
**Mar Paul Alappatt**
Bishop of Ramanathapuram

Chief Editor
**Fr. Bijo Palayil**
Mob: 8903219668
Associate Editor
**Fr.** Joice Rathappillil CST
Mob: 9443316613
secretaryramanathapuram@gmail.com
Published by
**Fr. Joseph Alappadan**
Catholic Bishop's House,
Selvarajapuram
Ph: 0422- 2966556
Santhom Pastoral Centre
Ph : 0422 - 2966446
Website :
www.dioceseoframanathapuram.com
Printed at: S. Sridhar offset Printing
Annual Subscription Rs. 250/-
Single Copy Rs. 30/-


## ഈ ലക്കത്തിൽ


Pope Tweets 02
Pope's Message for Lent 2020 03
ഇടയലേഖനം 06
വിജ്ഞാപനം 10
രൂപതാകാര്യാലയം 13
ഫിനാൻസ് ഓഫീസ് 17
പാസ്റ്ററൽ കൗൺസിൽ 20
Bishop's Engagements 42
From the Bishop's Diary 43
സഭാവാർത്തകൾ 43
Directives that Emerged from the Conference of Priests 46
പുരോഹിതൻ: കൂട്ടായ്മ പരിപോഷിപ്പിക്കുന്നവൻ 50
കുടുംബക്കൂട്ടായ്മ പഠനവിഷയം 57
മൈനർ സെമിനാരി 60
വിശ്വാസപരിശീലനം 60
*Mater Dei* International School 61
ജീവൻജ്യോതി സെന്റർ 62
മദർ തെരേസ പീസ് ഹോം 62
ചിൽഡ്രൻസ് മിനിസ്ട്രി 64
വൊക്കേഷൻ കമ്മീഷൻ 66
ഫാമിലി അപ്പസ്തോലേറ്റ് 68
പിതൃവേദി 68
സീറോമലബാർ മാതൃവേദി 68
നവീകരണമുന്നേറ്റം 69
സാന്തോം സോഷ്യൽ സർവ്വീസ് 69
Medical Fraternity 71
പള്ളികളിലെ കുർബാന സമയം 72
Snippets 74


Let us pray for the intentions of the Holy Father

Freedom from Addiction : We pray that those suffering from addiction may be helped and accompanied.

**വി. കുർബാനയിലും കുടുംബപ്രാർത്ഥനയിലും പ്രത്യേകം നിയോഗം വച്ച് പ്രാർത്ഥിക്കാൻ**

ലീഡർ : ഞങ്ങളുടെ കർത്താവായ ദൈവമേ, ലോകമെമ്പാടും കൊറോണ വൈറസ് ബാധിച്ച് ചികിത്സയിലായിരിക്കുന്ന സഹോദരരെ സുഖപ്പെടുത്തണമെന്നും അവരെ രാപ്പകൽ ശുശ്രൂഷിക്കുന്ന ഡോക്ടർമാരേയും നേഴ്സുമാരേയും സംരക്ഷിക്കണമെന്നും ഈ പകർച്ചവ്യാധിക്ക് തക്കതായ മരുന്ന് കണ്ടുപിടിക്കാൻ ബന്ധപ്പെട്ടവരെ ശക്തിപ്പെടുത്തണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.



# Pope Francis Tweets

Pope Francis @ Pontifex Mar 13

Prayer is an expression of our need to respond to God's love, which always precedes and sustains us. Christians pray in the knowledge that, although unworthy, we are still loved.

Pope Francis @ Pontifex Mar 14

We pray today for families who need to manage a difficult situation, especially those families with a disabled person among them. Let us pray they do not lose their peace in this moment and that they succeed in moving forward with strength and joy.

Pope Francis @ Pontifex Mar 15

Let us ask for the grace to cultivate a desire for Christ, source of living water, the only one who can satisfy the thirst for life and love which we bear in our hearts.

Pope Francis @ Pontifex Mar 16

"Repent", in other words, "Change your life" (Mt 4:17), for a new way of living has begun. The time when you lived for yourself is over; now is the time for living with and for God, with and for others, with and for love.

Pope Francis @ Pontifex Mar 17

The parable Jesus tells us (Mt 18:23-35) is very clear: asking forgiveness means forgiving. Both go together and cannot be separated. Forgiving is a condition for going to heaven.

Pope Francis @ Pontifex Mar 18

Our God is near and asks us to be near to one another. Perhaps right now we cannot draw near physically to others for fear of contagion, but we can reawaken in ourselves a habit of drawing near to others through prayer and mutual help.

**_MATER DEI_ INTERNATIONAL SCHOOL**
(Diocese of Ramanathapuram)

Trinity Nagar, L & T Bye-pass road,
Pattanam, Coimbatore 641016

Pre-KG + LKG, UKG, Std. I - VI ക്ലാസ്സുകളിലേക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : Mob : 9489133403**

**_MATER DEI_ INTERNATIONAL SCHOOL**
(An Educational Institution owned and run by the Diocese of Ramanathapuram)

Admissions open for the Pre-KG, LKG, UKG & Std I - VI

**For more details, contact : Mob :9489133403**

# Pope's Message for Lent 2020

"We implore you on behalf of Christ, be reconciled to God"

(2 Cor 5:20)

FEBRUARY 24, 2020

Below is the Vatican-provided full text of the Pope's Message:

***"We implore you on behalf of Christ, be reconciled to God" (2 Cor 5:20)***

Dear Brothers and Sisters,

This year the Lord grants us, once again, a favourable time to prepare to celebrate with renewed hearts the great mystery of the death and resurrection of Jesus, the cornerstone of our personal and communal Christian life. We must continually return to this mystery in mind and heart, for it will continue to grow within us in the measure that we are open to its spiritual power and respond with freedom and generosity.

*1. The paschal mystery as the basis of conversion*

Christian joy flows from listening to, and accepting, the Good News of the death and resurrection of Jesus. This *kerygma* sums up the mystery of a love "so real, so true, so concrete, that it invites us to a relationship of openness and fruitful dialogue" (*Christus Vivit*, 117). Whoever believes this message rejects the lie that our life is ours to do with as we will. Rather, life is born of the love of God our Father, from his desire to grant us life in abundance (cf. *Jn* 10:10). If we listen instead to the tempting voice of the "father of lies" (*Jn* 8:44), we risk sinking into the abyss of absurdity, and experiencing hell here on earth, as all too many tragic events in the personal and collective human experience sadly bear witness.

In this Lent of 2020, I would like to share with every Christian what I wrote to young people in the Apostolic Exhortation *Christus Vivit*: "Keep your eyes fixed on the outstretched arms of Christ crucified, let yourself be saved over and over again. And when you go to confess your sins, believe firmly in his mercy which frees you of your guilt. Contemplate his blood poured out with such great love, and let yourself be cleansed by it. In this way, you can be reborn ever anew" (No. 123). Jesus' Pasch is not a past event; rather, through the power

of the Holy Spirit it is ever present, enabling us to see and touch with faith the flesh of Christ in those who suffer.

*2. The urgency of conversion*

It is good to contemplate more deeply the paschal mystery through which God's mercy has been bestowed upon us. Indeed, the experience of mercy is only possible in a "face to face" relationship with the crucified and risen Lord "who loved me and gave himself for me" (*Gal* 2:20), in a heartfelt dialogue between friends. That is why prayer is so important in Lent. Even more than a duty, prayer is an expression of our need to respond to God's love which always precedes and sustains us. Christians pray in the knowledge that, although unworthy, we are still loved. Prayer can take any number of different forms, but what truly matters in God's eyes is that it penetrates deep within us and chips away at our hardness of heart, in order to convert us ever more fully to God and to his will.

In this favourable season, then, may we allow ourselves to be led like Israel into the desert (cf. *Hos* 2:14), so that we can at last hear our Spouse's voice and allow it to resound ever more deeply within us. The more fully we are engaged with his word, the more we will experience the mercy he freely gives us. May we not let this time of grace pass in vain, in the foolish illusion that we can control the times and means of our conversion to him.

*3. God's passionate will to dialogue with his children*

The fact that the Lord once again offers us a favourable time for our conversion should never be taken for granted. This new opportunity ought to awaken in us a sense of gratitude and stir us from our sloth. Despite the sometimes tragic presence of evil in our lives, and in the life of the Church and the world, this opportunity to change our course expresses God's unwavering will not to interrupt his dialogue of salvation with us. In the crucified Jesus, who knew no sin, yet for our sake was made to be sin (cf. *2 Cor* 5:21), this saving will led the Father to burden his Son with the weight of our sins, thus, in the expression of Pope Benedict XVI, "turning of God against himself" (*Deus Caritas Est*, 12). For God also loves his enemies (cf. *Mt* 5:43-48).

The dialogue that God wishes to establish with each of us through the paschal mystery of his Son has nothing to do with empty

chatter, like that attributed to the ancient inhabitants of Athens, who "spent their time in nothing except telling or hearing something new" (*Acts* 17:21). Such chatter, determined by an empty and superficial curiosity, characterizes worldliness in every age; in our own day, it can also result in improper use of the media.

*4. A richness to be shared, not kept for oneself*

Putting the paschal mystery at the centre of our lives means feeling compassion towards the wounds of the crucified Christ present in the many innocent victims of wars, in attacks on life, from that of the unborn to that of the elderly, and various forms of violence. They are likewise present in environmental disasters, the unequal distribution of the earth's goods, human trafficking in all its forms, and the unbridled thirst for profit, which is a form of idolatry.

Today too, there is a need to appeal to men and women of good will to share, by almsgiving, their goods with those most in need, as a means of personally participating in the building of a better world. Charitable giving makes us more human, whereas hoarding risks making us less human, imprisoned by our own selfishness. We can and must go even further, and consider the structural aspects of our economic life. For this reason, in the midst of Lent this year, from 26 to 28 March, I have convened a meeting in Assisi with young economists, entrepreneurs and change-makers, with the aim of shaping a more just and inclusive economy. As the Church's magisterium has often repeated, political life represents an eminent form of charity (cf. Pius XI, *Address to the Italian Federation of Catholic University Students*, 18 December 1927). The same holds true for economic life, which can be approached in the same evangelical spirit, the spirit of the Beatitudes.

I ask Mary Most Holy to pray that our Lenten celebration will open our hearts to hear God's call to be reconciled to himself, to fix our gaze on the paschal mystery, and to be converted to an open and sincere dialogue with him. In this way, we will become what Christ asks his disciples to be: the salt of the earth and the light of the world (cf. *Mt* 5:13-14).

FRANCIS

Rome, at Saint John Lateran, 7 October 2019

Feast of Our Lady of the Rosary

No. 53/2020
25-3-2020 PL-3

# ഇടയലേഖനം

പോൾ ആലപ്പാട്ട്

**ദൈവകൃപയാലും സഭാനേതൃത്വത്തിന്റെ അനുഗ്രഹത്താലും**
**രാമനാഥപുരം രൂപതാ മെത്രാൻ**

# ദൈവവിളിവാരം

ഈശോമിശിഹായിൽ സ്നേഹമുള്ള വൈദികരേ, സന്യസ്തരേ, മാതാപിതാക്കളേ, യുവജനങ്ങളേ, കുട്ടികളേ,

ഈശോമിശിഹായ്ക്ക് സ്തുതി! നാം വീണ്ടുമൊരു ദൈവവിളിവാരത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. വീടും നാടും വിട്ടിറങ്ങി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ഈശോയ്ക്കും സഭയ്ക്കും സമൂഹത്തിനും വേണ്ടി കഠിനദ്ധ്വാനം ചെയ്യുന്ന ആയിരക്കണക്കിന് വൈദികർക്കും സന്യസ്തർക്കും സഭയുടെ അടിസ്ഥാനഘടകങ്ങളായ കുടുംബങ്ങൾക്ക് രൂപവും നേതൃത്വവും നല്കുന്ന മാതാപിതാക്കൾക്കും നമ്മുടെ പ്രാർത്ഥനയും പ്രോത്സാഹനവും വഴി ശക്തിപകരാനുള്ള അവസരമാണിത്.

അതോടൊപ്പം, തുടർന്നും ഈശോയുടെയും സഭയുടെയും ഈ ദൗത്യം തുടരാൻ നല്ല വൈദികരും സന്യസ്തരും ദമ്പതികളും ഉണ്ടാകണം. എവിടെയെല്ലാം പൗരോഹിത്യവും സന്യാസവും കുടുംബവും ദൈവദത്തമായ മൂല്യങ്ങളിൽ നിന്ന്, കാഴ്ചപ്പാടുകളിൽനിന്ന് വഴുതി മാറിയിട്ടുണ്ടോ, താഴേയ്ക്ക് പോയിട്ടുണ്ടോ അവിടെയെല്ലാം സഭയും ഈശോയുടെ പാതയിൽനിന്ന് വ്യതിചലിച്ചിട്ടുണ്ട്, തളർന്നുപോയിട്ടുണ്ട്. അതുകൊണ്ട് സഭയെ ഈശോയുടെ മനസ്സറിഞ്ഞ്, സഭാ പ്രബോധനങ്ങളനുസരിച്ച് സധൈര്യം മുന്നോട്ടു നയിക്കാൻ പറ്റിയ, തീക്ഷ്ണമതികളായ വൈദികരും സന്യസ്തരും നമുക്കുണ്ടാകണം. അപ്രകാരമുള്ള വൈദികരും സന്യസ്തരുമുണ്ടാകുന്നത് ദൈവകൃപയും അഭിഷേകവുമുള്ള കുടുംബങ്ങളിൽ നിന്നാണ്.

a. ഇത്തരുണത്തിൽ ഈശോയുടെ ആഹ്വാനം നമുക്ക് ശ്രവിക്കാം : "വിളവധികം, വേലക്കാരോ ചുരുക്കം അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" (മത്താ. 9:37–38). കർത്താവ് പറയുന്നു : "വിളവ് സമൃദ്ധം എന്നാൽ ആരാണ് സമൃദ്ധമായ ഈ വിളവിനുവേണ്ടി അദ്ധ്വാനിച്ചത്? ഈ ചോദ്യത്തിന് ഒരു ഉത്തരമേയുള്ളു : ദൈവം. ഈശോ പരാമർശിക്കുന്ന "വിളഭൂമി" (വയൽ) മനുഷ്യവംശമാണ്, നമ്മളാണ്. വയൽ പുറ

പ്പെടുവിച്ച സമൃദ്ധമായ വിളവിന് കാര്യക്ഷമമായി പ്രവർത്തിച്ചത് ദൈവത്തിന്റെ കൃപയാണ്; അതായത് ദൈവവുമായുള്ള സംസർഗ്ഗ മാണ് (cf. യോഹ.15:5). അതുകൊണ്ട് ഈശോ സഭയോട് പ്രാർത്ഥി ക്കാൻ ആവശ്യപ്പെടുന്നു. അവിടുത്തെ രാജ്യത്തിന് സേവനം ചെയ്യാനു ള്ളവരുടെ സംഖ്യവർദ്ധിക്കുന്നതിനുവേണ്ടി - "ദൈവത്തിന്റെ കൂട്ടു വേലക്കാരിൽ ഒരാളാകാൻ ദൈവീകകൃപ പ്രത്യേകം അനുഭവിച്ച വി. പൗലോസ് ഓർമ്മപ്പെടുത്തുന്നതുപോലെ, ഈ ക്ഷണം പൗരോഹിത്യ ത്തിലേക്കും സന്യാസത്തിലേക്കുമുള്ള പ്രത്യേക വിളിയെ സൂചിപ്പിക്കു ന്നു. "ദൈവത്തിന്റെ വയലിൽ" (1 കൊറി. 3:9) "കൂട്ടുവേലക്കാരാ കാൻ".

b. <u>കൂട്ടുവേലക്കാരാകാനുള്ള വിളി ഒരു "പുറപ്പാട്" ആവശ്യപ്പെടുന്നു.</u> ഈശോയിലും അവിടുത്തെ സുവിശേഷത്തിലും ജീവിതം കേന്ദ്രീകരി ക്കുന്നതിനാണത്. വൈദിക ജീവിതത്തിലും സമർപ്പിതജീവിതങ്ങ ളിലും വിവാഹ ജീവിതത്തിലും ദൈവഹിതത്തിന് ചേരാത്ത ചിന്താരീ തികളേയും പ്രവർത്തനശൈലികളേയും കീഴടക്കാൻ വേണ്ടിയാണത്. "കർത്താവിനെ ആരാധിക്കുന്നതിലേക്കും സഹോദരീസഹോദരന്മാ രിലൂടെ അവിടുത്തെ സേവിക്കുന്നതിലേയ്ക്കും നയിക്കുന്ന ഒരു പുറ പ്പാടാണത്" (Pope Francis, "Address to the International union of Superiors General", 8 May, 2013). ഇത് ഈശോയെ ഹൃദയത്തിൽ പൂജി ക്കാനുള്ള വിളിയാണ് (1 പത്രോ. 3:15). വചനമാകുന്ന വിത്തിൽ ഉൾക്കൊണ്ടിരിക്കുന്ന കൃപയുടെ പ്രചോദനത്താൽ സ്പർശിക്കപ്പെ ടാൻ സ്വയം അനുവദിക്കുന്നതിനാണിത്. തിരുവചനം ശ്രവിച്ചും സ്വീക രിച്ചും ജീവിച്ചും നമ്മുടെ ഹൃദയം സൽഫലം പുറപ്പെടുവിക്കുന്ന "നല്ല മണ്ണായി" പരിണമിക്കണം. പ്രാർത്ഥനയിലൂടെ, വി. ലിഖിതത്തിലൂടെ, കൂദാശ ജീവിതത്തിലൂടെ ഈശോയും സഭയുമായി കൂടുതൽ ഐക്യ ത്തിലെത്തിച്ചേരാൻ നമുക്ക് കഴിയണം. ഈ ഐക്യത്തിൽ വളരുന്നത നുസരിച്ച് ദൈവവുമായി സഹകരിക്കുന്നതിലുള്ള സന്തോഷം നമ്മിൽ വർദ്ധിക്കും. അപ്രകാരം, ദൈവീക മഹത്വത്തിനും സഭയുടെ വളർച്ച യ്ക്കുമായി സ്വയം വിട്ടുകൊടുക്കാനുള്ള നല്ലമനസ്സും ഉറച്ച തീരുമാ നവും നമ്മിൽ കാലക്രമേണ തെളിഞ്ഞുവരും.

c. വിളിക്കപ്പെട്ടവരുടെ യഥാർത്ഥ സന്തോഷം അടങ്ങിയിരിക്കുന്നത് കർത്താവ് വിശ്വസ്തനാണെന്നും നമുക്ക് അവിടുത്തോടൊപ്പം സഞ്ചാ രിക്കാമെന്നും അവിടുത്തെ ശിഷ്യന്മാരും ദൈവസ്നേഹത്തിന്റെ സാക്ഷികളും ആയിരിക്കാമെന്നും വലിയ ആദർശങ്ങളിലേയ്ക്കും മഹ ത്തായ കാര്യങ്ങളിലേയ്ക്കും നമ്മുടെ ഹൃദയം തുറക്കാനാവുമെന്നും വിശ്വസിക്കുകയും അനുഭവിക്കുകയും ചെയ്യുന്നതിലാണ്. ഫ്രാൻസിസ് മാർപാപ്പ പ്രസ്താവിച്ചതുപോലെ, ക്രൈസ്തവരായ നമ്മൾ ചെറിയ കാര്യങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ടവരല്ല, ഉന്നതാ

ദർശങ്ങൾക്കുവേണ്ടി ജീവിക്കേണ്ടവരാണ് (51-ാമത് ലോക ദൈവവിളി പ്രാർത്ഥനാദിന സന്ദേശം). പ്രത്യേകമായി വിളിക്കപ്പെടുന്നവരുടെ മാഹാത്മ്യം വി. ജോൺപോൾ മാർപാപ്പയുടെയും ഫ്രാൻസിസ് മാർപാപ്പയുടെയും വാക്കുകളിൽ വ്യക്തമാണ്: "സമർപ്പിതജീവിതം സഭയുടെ ആത്മാവിൽ അന്തർലീനമാണ്, അത് സഭയുടെ സത്തയുടെ പ്രത്യക്ഷ അടയാളമാണ്" (വി. ജോൺപോൾ, "സമർപ്പിതജീവിതം" നമ്പർ 3). "സന്യസ്തരില്ലാത്ത സഭയെപ്പറ്റി നമുക്ക് ചിന്തിക്കാനാകില്ല" (ഫ്രാൻസിസ് മാർപാപ്പ).

d. <u>യഥാർത്ഥ ദൈവവിളി ജീവിതത്തെ പ്രസരിപ്പുള്ളതും ഊർജ്ജസ്വലവുമാക്കും.</u> "നാമിവിടെ ആയിരിക്കുന്നത് നന്ന്" (മത്താ. 17:4). എന്നത് ക്രിസ്തു സാന്നിദ്ധ്യനുഭവത്തിന്റെ ഉദ്ഘോഷണമാണ്. ഈശോയുമായുള്ള ആത്മീയ വാസത്തിലാണ് പരിവർത്തനത്തിന്റെയും രൂപാന്തരീകരണത്തിന്റെയും സാദ്ധ്യതകൾ നമുക്കും മറ്റുള്ളവർക്കും സ്പഷ്ടമാകുന്നത്. ഇത്തരുണത്തിൽ താഴെപറയുന്നകാര്യങ്ങൾ നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. ഓരോ <u>ദൈവവിളിയും ദൈവത്തിന്റെ ദാനമാണ്, മനുഷ്യവർഗ്ഗത്തിന്റെ കരച്ചിലിനുള്ള ദൈവത്തിന്റെ മറുപടിയാണ്.</u> അതിനാൽ വിളി സ്വീകരിക്കുന്നവർക്കുള്ള അവസരങ്ങളും താലന്തുകളും വളർത്തിവലുതാക്കി <u>മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി നിസ്വാർത്ഥമായി പ്രയോജനപ്പെടുത്തണം.</u> വൈദികനും സമർപ്പിതനുമാകാനുള്ള വിളി തന്റെയും ആഗോളസഭയുടെയും നന്മയ്ക്കുവേണ്ടിയാണെന്ന കാര്യം മറക്കരുത്. ജീവിത പ്രശ്നങ്ങളിൽനിന്ന് രക്ഷപ്പെടാനോ മറ്റ് സ്വാർത്ഥ ലാഭങ്ങൾക്കുവേണ്ടിയോ ആരും ദൈവവിളി സ്വീകരിക്കരുത്.

2. <u>ദൈവത്തിന്റെ വിളി സ്വീകരിക്കാൻ മാതാപിതാക്കൾ ഒരിക്കലും തടസ്സമാകരുത്.</u> ബാലനായ ദാവീദിനെ ദൈവം വിളിച്ചതുപോലെ മക്കളെ ദൈവം വിളിക്കുമ്പോൾ മാതാപിതാക്കളുടെ മോഹങ്ങളും പദ്ധതികളും ആ വിളിക്ക് തടസ്സമാകരുത്. ദൈവം കനിഞ്ഞു നല്കിയ മക്കളെ നന്നായി വളർത്തി വലുതാക്കി ദൈവം ആഗ്രഹിക്കുന്നരീതിയിൽ ദൈവത്തിനുതന്നെ തിരിച്ചു നല്കാനാണ് മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടത്.

3. <u>അതുപോലെ, ദൈവം വിളിക്കുന്നിടത്തേയ്ക്കും നിയോഗിക്കുന്നിടത്തേയ്ക്കും പോകാൻ കുട്ടികൾ തയ്യാറാകണം.</u> ജീവിതത്തിൽ സന്തോഷവും സംതൃപ്തിയുമുണ്ടാകാൻ അത് അത്യന്താപേക്ഷിതമാണ്. യോനാ പ്രവാചകൻ നിനിവേയിലേയ്ക്ക് പോകുന്നതിനുപകരം മറ്റൊരു ദിക്കിലേയ്ക്ക് കപ്പൽ കയറിയപ്പോൾ (യോന 1:1-17), പ്രകൃതി തന്നെ ആ യാത്രമുടക്കി. ദൈവം നമ്മിൽ വളർത്തി വലുതാക്കുന്ന വിളിയെ ആരും മറ്റു ദിക്കിലേയ്ക്ക് കൊണ്ടുപോകരുത്. വേദപുസ്തകത്തിൽ പലപ്പോഴും കാണുന്നതുപോലെ, <u>ദൈവത്തിന്റെ സ്വരത്തിനും</u> പദ്ധതിക്കും വിധേയമാകുന്നതാണ് ഒരാൾക്ക് അനുഗ്രഹമായി തീരുന്നത്.

4. <u>മറ്റൊരുകാര്യം: പ്രലോഭകൻ ഈശോയെ ഉയരത്തിൽ കൊണ്ടുപോയി വാഗ്ദാനം കൊടുത്തു : "ഇവയെല്ലാം നിനക്ക് ഞാൻ നല്കും"</u> (മത്താ. 4:9). ഈശോയുടെ പാത കുരിശിന്റെ വഴിയാണെന്നിരിക്കെ, ലൗകിക സുഖങ്ങളുടെയും അധികാരമോഹങ്ങളുടെയും ഉന്നതവിദ്യാഭ്യാസത്തിന്റെയും ലൗകിക സുരക്ഷിതത്വത്തിന്റെയും വാഗ്ദാനങ്ങൾ നല്കി ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതും അർത്ഥികളെ ആകർഷിക്കുന്നതും ഒരിക്കലും അംഗീകരിക്കാൻ പറ്റില്ല. "ദൈവവിളി പ്രോത്സാഹനത്തിൽ" താരതമ്മ്യത്തിന്റെ (Comparison) ശൈലി ഒരിക്കലും നന്നല്ല. ദൈവവിളിയുടെ കാര്യത്തിൽ വിവിധ സഭകളും രൂപതകളും സന്യാസ സമൂഹങ്ങളും തമ്മിൽ യാതൊരുവിധ മത്സര മനോഭാവവും ഉണ്ടാകരുത്. രൂപതകൾക്കും ഓരോ സന്യാസ സമൂഹത്തിനും വ്യത്യസ്തമായശൈലികളും സിദ്ധികളും സാദ്ധ്യതകളുമുണ്ടാകാം.


**e. ദൈവവിളിവാരം പ്രാർത്ഥന- ഉപവാസയജ്ഞം + ക്യാമ്പുകൾ**

ലോകമെമ്പാടും വലിയഭീതിയും ആകുലതയും വളർത്തി മുന്നേറുന്ന "കൊറോണാ വൈറസി" (കോവിഡ് -19)ന്റെ പശ്ചാത്തലത്തിൽ, പ്ലാൻ ചെയ്തിരിക്കുന്ന രീതിയിൽ ഈ വർഷം ദൈവവിളിവാരവും പ്രാർത്ഥന-ഉപവാസയജ്ഞവും ക്യാമ്പുകളും സംഘടിപ്പിക്കാൻ കഴിയുമോ എന്നറിഞ്ഞുകൂടാ. അപക്രാരം സാധിക്കാത്തപക്ഷം, ഈ പ്രത്യേക സാഹചര്യത്തിൽ, ഓരോ പള്ളിയിലും അതിന്റെ അതിർത്തിയിലെ സന്യാസസമൂഹങ്ങളിലും കുടുംബങ്ങളിലും ഈ നിയോഗം വച്ച് ദിവ്യബലിയും ആരാധനയും ഉണ്ടാകണം. പറ്റിയുള്ള കുട്ടികളെ (X, XII + അതിലുപരിയുള്ള ക്ലാസ്സുകളിലെ അവസാനക്കാർ) കണ്ടെത്തി സെമിനാരിയിലേയ്ക്കും വിവിധ സന്യാസ സമൂഹങ്ങളിലേയ്ക്കും പറഞ്ഞുവിടാൻ ബഹു. വികാരിയച്ചന്മാരും സന്യസ്തരും മതദ്ധ്യാപകരും പരിശ്രമിക്കണം. വടക്കുകാട് മൈനർ സെമിനാരി റെക്ടർ ബഹു. ജോയ് ചിറ്റിലപ്പിള്ളിയച്ചൻ (രൂപതാ വൊക്കേഷൻ ഡയറക്ടർ (മൊബൈൽ : 9447618382) ഇക്കാര്യത്തിൽ നിങ്ങൾക്ക് വേണ്ടത്ര മാർഗ്ഗനിർദ്ദേശങ്ങൾ നല്കും. അടുത്തവർഷം (2020-21) രാമനാഥപുരം രൂപതയ്ക്കുവേണ്ടി വൈദികരാകാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും കഴിയുന്നതും വേഗത്തിൽ ബഹു. ജോയിച്ചനുമായി സംസാരിക്കണം.

സ്വന്തം ജീവിതം പണയപ്പെടുത്തി കൊറോണ ബാധിതർക്കുവേണ്ടി സ്നേഹശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്ന ബഹു. വൈദികരും സന്യസ്തരും ഡോക്ടർമാരും നേഴ്സുമാരും ഇത്തരുണത്തിൽ നമുക്ക് ആവേശവും പ്രചോദനവുമാകട്ടെ. അവർക്ക് ആദരം നേരാം. അവർക്കുവേണ്ടി പ്രാർത്ഥിക്കാം. അവരെപ്പോലെ, ഈശോയുടെ നാമത്തിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സ്വയം മറന്ന് അദ്ധ്വാനിക്കാൻ വൈദികനായി, സന്യാസ സഹോദരനായി, സന്യാസ സഹോദരിയായി തനിക്കും കഴിഞ്ഞിരുന്നെങ്കിൽ എന്ന് ഓരോ കുട്ടിയും യുവാവും യുവതിയും ചിന്തിക്കണം.

വൈകിയാണെങ്കിലും, നിങ്ങളുടെ ബാക്കിയുള്ള പരീക്ഷകൾക്കും തുടർന്നുള്ള അവധിക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു. പ. അമ്മയുടെയും വിശുദ്ധാത്മാക്കളുടെയും മദ്ധ്യസ്ഥതയിൽ പിതാവും പുത്രനും പ. ആത്മാവുമായ ത്രിത്വൈക ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം



**മാർ പോൾ ആലപ്പാട്ട്**
രാമനാഥപുരം രൂപതാ മെത്രാൻ

---

NB : ഈ ഇടയലേഖനം ഏറ്റവും അടുത്ത ഏതെങ്കിലും ഞായറാഴ്ച പള്ളികളിൽ വായിക്കുകയോ മറ്റേതെങ്കിലും വഴി അതിന്റെ ഉള്ളടക്കം ജനങ്ങളെ അറിയിക്കുകയോ വേണം. +PA

---

No. 50/2020 - C1
20-03-2020

# വിജ്ഞാപനം

**പോൾ ആലപ്പാട്ട്**

ഈശോമിശിഹായിൽ സ്നേഹമുള്ളവരേ,
ലോകത്തെ മുഴുവനും ദുഃഖത്തിലും ഭീതിയിലുമാഴ്ത്തിയ "കോവിഡ് - 19" (കൊറോണ വൈറസ്) നെപ്പറ്റി നിങ്ങൾ ഇതിനകം പലവഴിക്ക് അറിഞ്ഞുകാണുമല്ലൊ. ഗവൺമെന്റിൽനിന്നും കിട്ടിയ അറിയിപ്പ് അനുസരിച്ച് വൈറസ് പ്രാദേശികവ്യാപന (local spreading) ഘട്ടം കടന്ന് മാരകമായ സാമൂഹ്യ വ്യാപന (Social spreading) ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ഇത്തരുണത്തിൽ ദൈവാശ്രയം നമുക്ക് അത്യന്താപേക്ഷിതമാണ് കാരണം "ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല" (ലൂക്കാ. 1:37). അതേസമയം നമുക്ക് ഏറെ സുപരിചിതമായ പഴഞ്ചൊല്ല് നമുക്ക് ഇപ്പോൾ ഓർക്കാം. "ദൈവം പാതി, മനുഷ്യൻ പാതി". ദൈവത്തിന്റെ കാരുണ്യവും സ്നേഹവും പരിപാലനയും നമ്മോടൊപ്പം എന്നും ഉണ്ടാകും. "അത്യുന്നതന്റെ സംരക്ഷണമുള്ളവനും ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും ഭാഗ്യവാനാകുന്നു" (സങ്കീ. 91:11).

എങ്കിലും മനുഷ്യന്റെ ഭാഗത്തു നിന്നു ശ്രദ്ധിക്കേണ്ടതും ചെയ്യേണ്ടതുമായ കാര്യങ്ങൾ കൂടിയുണ്ട്. അതിൽ ഏറ്റവും പ്രധാനം സാമൂഹ്യ അകലം പാലിക്കുകയെന്നതാണ്. നമ്മുടെ ബഹു. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി പറഞ്ഞതുപോലെ, "സാമൂഹ്യ അകലം പാലിക്കലാണ്

രോഗപ്രതിരോധത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം. അത്യാവശ്യമില്ലാത്തവർ വീടിനു പുറത്ത് പോകരുത്. 65 വയസ്സിന് മുകളിലുള്ള മുതിർന്ന പൗരന്മാരും 10 വയസ്സിന് താഴെയുള്ള കുട്ടികളും നിർബന്ധമായും ഇക്കാലത്ത് വീടുകളിൽ തന്നെ കഴിയണം."

ഈ സാഹചര്യത്തിൽ, മുമ്പ് അറിയിച്ചിരുന്നതിന്റെ തുടർച്ചയായി താഴെ പറയുന്ന കാര്യങ്ങൾ ഞാൻ നിങ്ങളെ അറിയിക്കുന്നു:


1. മാരകമായ രീതിയിൽ ലോകമെമ്പാടും വ്യാപിച്ചുകൊണ്ടിരിക്കുന്ന പകർച്ചവ്യാധിയിൽ നിന്നും ലോകത്തെ മുഴുവൻ രക്ഷിക്കണമെന്ന നല്ല ഉദ്ദേശ്യത്തോടെയാണ് ബന്ധപ്പെട്ട ഗവൺമെന്റുകളും സഭാനേതൃത്വങ്ങളും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ നിർദ്ദേശങ്ങളോട് ഒരു തരത്തിലുള്ള നിസ്സംഗതയും അശ്രദ്ധയുമുണ്ടാകരുത്.
2. ദൈവജനത്തിന്റെ കൂട്ടായ്മ വളർത്താനുള്ള ഏറ്റവും ദൈവീകമായ വേദിയാണല്ലോ ദിവ്യബലിയർപ്പണവേദി. അങ്ങനെയിരിക്കെ, പള്ളികളിൽ വി. കുർബ്ബാനയർപ്പിക്കരുത് എന്ന് പറയുന്നത് ഏറെ വേദനാജനകമായ കാര്യമാണ്. വലിയ ജനകൂട്ടമായി വി. കുർബാനയ്ക്കും മറ്റു പരിപാടികൾക്കുമായി ഒത്തുകൂടുന്നത് വൈറസ് വ്യാപനത്തിന് കാരണമാകുന്നതുകൊണ്ടാണ് അത്തരം വലിയ ജനകൂട്ടങ്ങൾ ഒഴിവാക്കണമെന്ന് ബന്ധപ്പെട്ടവർ നിഷ്ക്കർഷിക്കുന്നത്.
3. മാർച്ച് 22 ഞായറാഴ്ച കാലത്ത് 7 മണിമുതൽ രാത്രി 9 മണിവരെ "ജനത കർഫ്യൂ" പ്രഖ്യാപിച്ചിരിക്കുന്നതിനാൽ അന്ന് നമ്മുടെ പള്ളികളിൽ ദിവ്യബലിയർപ്പണം സാധ്യമല്ല. അതുകൊണ്ട് വീട്ടിലിരുന്ന് യൂട്യൂബിലൂടെ ദിവ്യബലിയിൽ പങ്കെടുക്കാനുള്ള സംവിധാനം രൂപതക്കു മുഴുവനായും ഒരുക്കുന്നുണ്ട്. അപ്രകാരമൊരുക്കുന്ന ദിവ്യബലി സമയം ബന്ധപ്പെട്ട അച്ചന്മാർ വഴിയ അറിയിക്കുന്നതാണ്.
4. മറ്റു ദിവസങ്ങളിൽ (ഇന്ന് മുതൽ മറ്റൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ) പൊതുജനത്തിനുവേണ്ടി പള്ളികളിൽ വി. കുർബാനയുണ്ടായിരിക്കുന്നതല്ല.
5. വി. കുർബാനക്കു പള്ളികളിലേക്ക് വരാതെ വീട്ടിൽ കഴിയുന്നവർക്കുവേണ്ടി വികാരിയച്ചന്റെ അനുദിനബലിയർപ്പണം യൂട്യൂബിലൂടെ അവരിലേക്ക് എത്തിക്കാൻ ഇടവക, ഫൊറോന, രൂപതാലങ്ങളിൽ സംവിധാനമൊരുക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുന്നത് നല്ലതാണ്.
6. വീടുകളിൽ വി. കുർബാനയുടെ ഓൺലൈൻ പ്രക്ഷേപണത്തിൽ പങ്കെടുക്കുമ്പോൾ വി. കുർബാനയിൽ ആത്മനാ പങ്കുചേരുന്നുവെന്ന ചിന്തയുണ്ടാകണം. വി. കുർബാന ആത്മനാ സ്വീകരിക്കണം. അതുപോലെ, വീടുകളിലിരുന്ന് ദൈവവചനം ധ്യാനപൂർവ്വം

വായിക്കണം. ജപമാല ചൊല്ലി പ്രാർത്ഥിക്കണം. കുരിശിന്റെ വഴി നടത്തണം. അങ്ങനെ കുടുംബമാകുന്ന ഗാർഹിക സഭ ഈശോയുടെ സ്വന്തമാണെന്നും അവിടെ ഈശോ വസിക്കുകയും നമ്മെ അനുഗ്രഹിക്കുകയും ചെയ്യുന്നുവെന്നും നമുക്ക് ബോധ്യമുണ്ടാകട്ടെ.

7. 10 വയസ്സിൽ താഴെയുള്ള കുട്ടികളും 65 വയസ്സിൽ മേലെയുള്ളവരും ആരോഗ്യ പ്രശ്നമുള്ളവരും ഭവനങ്ങൾക്കുള്ളിൽ തന്നെയിരിക്കുക.
8. ഈ പകർച്ചവ്യാധി ശമിക്കുന്നതുവരെ നമ്മുടെ എല്ലാ സമ്മേളനങ്ങളും പരിപാടികളും മീറ്റിംഗുകളും ഒഴിവാക്കി ഈ പ്രശ്നം പരിഹരിക്കാനുള്ള അറിവു പകരാനും പ്രാർത്ഥിക്കാനും നമുക്ക് ശ്രമിക്കാം.
9. വി. കുർബാനയക്ക് കൂട്ടമായിവരാൻ ബുദ്ധിമുട്ടുണ്ടെങ്കിലും പള്ളിയിൽ ഒറ്റയ്ക്ക് വന്ന് പ്രാർത്ഥിക്കാനുള്ള സൗകര്യം ഉണ്ടാകണം. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ പള്ളിയിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും ഇന്നുമുതൽ മാർച്ച് 31 വരെ പകൽ സമയത്ത് ഈ പകർച്ചവ്യാധിയിൽ നിന്ന് വിടുതൽ കിട്ടുന്നതിനു വേണ്ടി വി. കുർബാന എഴുന്നെള്ളിച്ചുവെച്ച് ആരാധന നടത്താൻ എല്ലാവരോടും ഞാൻ ആഹ്വാനം ചെയ്യുന്നു.
10. ഈ ദിവസങ്ങളിൽ മൃതസംസ്ക്കാരമുണ്ടായാൽ ജനപങ്കാളിത്തം ഏറ്റവും അടുത്ത ബന്ധുക്കളിലേയ്ക്ക് ചുരുക്കണം. ഗവൺമെന്റ് നിർദ്ദേശിക്കുന്ന മുൻകരുതലുകൾ സ്വീകരിക്കുകയും വേണം.
11. ഈ ദിവസങ്ങളിൽ കുമ്പാസരം, രോഗിലേപനം എന്നീ കുദാശകൾ പരികർമ്മം ചെയ്യുമ്പോൾ വൈദികൻ മാസ്ക് ധരിച്ചിരിക്കണം. കൂദാശകൾ സ്വീകരിക്കുന്നവർ ടവൽ ഉപയോഗിച്ച് വായും മൂക്കും അടച്ചു പിടിക്കണം.
12. ഈ ദിവസങ്ങളിൽ രോഗികളായി ഭവനങ്ങളിലും ആശുപത്രികളിലും കഴിയുന്നവരെ കഴിയുന്നിടത്തോളം സന്ദർശിക്കാതിരിക്കുകയാണ് നല്ലത്.

അങ്ങനെ, മനുഷ്യകുലത്തെ ബാധിച്ചിരിക്കുന്ന ഈ വലിയ വിപത്തിനെ നല്ല ദൈവത്തിൽ പരിപൂർണ്ണമായും ആശ്രയിച്ചും മാനുഷികമായി സ്വീകരിക്കാവുന്ന "സാമൂഹ്യ അകലം" ഉൾപ്പെടെയുള്ള മുൻകരുതലുകൾ വേണ്ടവിധം സ്വീകരിച്ചും നമുക്ക് ഒറ്റക്കെട്ടായി നേരിടാം. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുവമായ ത്രിത്വൈക ദൈവം ആരോഗ്യമാതാവായ പ. അമ്മയുടെ സ്വർഗ്ഗീയ മാദ്ധ്യസ്ഥ്യത്തിൽ അതിനുവേണ്ട കൃപയും ശക്തിയും നമുക്ക് പ്രദാനം ചെയ്യട്ടെ!

ഈശോയിൽ സ്നേഹപൂർവ്വം നിങ്ങളുടെ വത്സലപിതാവ്



**മാർ പോൾ ആലപ്പാട്ട്**
രാമനാഥപുരം രൂപതാ മെത്രാൻ

NB : ഈ വിജ്ഞാപനം പള്ളിയിൽ വായിച്ചോ മറ്റേതെങ്കിലും വിധത്തിലൊ ജനങ്ങളെ അറിയിക്കണം.

# രൂപതാകാര്യാലയം

## A. ഓർമ്മിക്കേണ്ടദിവസങ്ങൾ

**2020 ഏപ്രിൽ**

01 : സീറോമലബാർ സഭയുടെ 2-ാം മേജർ ആർച്ചുബിഷപ്പ് മാർ വർക്കി വിതയത്തിൽ പിതാവിന്റെ ചരമദിനം

02 : വി. ജോൺപോൾ മാർപാപ്പ

05 : ഓശാന ഞായർ

06 : വൈദിക വിശുദ്ധീകരണദിനം, വി. മൂറോൻ വെഞ്ചിരിപ്പ് (രാമനാഥപുരം കത്തീഡ്രൽ)

09 : പെസഹാവ്യാഴം (വി. കുർബാനയും പൗരോഹിത്യവും സ്ഥാപിച്ചതിന്റെ ഓർമ്മദിനം)

10 : ദുഃഖവെള്ളി

11 : വലിയശനി (രൂപതയുടെ 10-ാം വാർഷികം. രൂപതയ്ക്കും രൂപ താദ്ധ്യക്ഷനും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക.)

12 : ഉയിർപ്പു ഞായർ

13-18 : ദൈവവിളിവാരം + പ്രാർത്ഥന + ഉപവാസയജ്ഞം (കത്തീഡ്രൽ)

14-17 : ദൈവവിളി ക്യാമ്പുകൾ (മൈനർ സെമിനാരി + സാൻതോം പാസ്റ്ററൽ സെന്റർ)

19 : പുതുഞായർ

24 : വി. ഗീവർഗ്ഗീസ്; സീറോമലബാർ സഭാ മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ നാമഹേതുക തിരുനാൾ

25 : വി. മർക്കോസ്

29 : സിയന്നായിലെ വി. കത്രീന, സഭാ വേദപാരംഗത

## B. കോവിഡ് -19 (കൊറോണ വൈറസ്) പ്രതിരോധം

ലോകത്തെ പ്രതിരോധത്തിലും ദുഃഖത്തിലുമാഴ്ത്തിയ "കോവിഡ്-19" വളരെ ശക്തമായി ലോകം മുഴുവനിലും വ്യാപിച്ചുകൊണ്ടിരിക്കുക യാണ്; നല്ല ദൈവത്തിന് എല്ലാം സാദ്ധ്യമാണ്. അവിടുന്ന് നമ്മോട് കരുണകാണിക്കും. അതേസമയം, മാനുഷികമായി നാം സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റി ഗവൺമെന്റുകളും സഭാനേതൃത്വങ്ങളും നല്കുന്ന നിർദ്ദേശങ്ങൾ സർവ്വാത്മനാ അംഗീകരിച്ച് പോകുന്നത്

നമ്മുടെയും ലോകം മുഴുവന്റെയും സുരക്ഷിതത്വത്തിന് അത്യന്താപേക്ഷിതമാണ്.

**C. പെസഹാവ്യാഴം പിരിവ്**

പെസഹാ വ്യാഴാഴ്ചത്തെ പിരിവ് രൂപതാ വൈദിക പരിശീലന ചിലവിലേയ്ക്കുള്ളതാണെന്ന് അറിയാമല്ലൊ. പൗരോഹിത്യ ശുശ്രൂഷയുടെ മഹാത്മ്യവും പൗരോഹിത്യ ജീവിത പരിശീലനത്തിന്റെ പ്രാധാന്യവും ജനങ്ങളെ അറിയിച്ച് പെസഹാ വ്യാഴാഴ്ച കുർബാന മദ്ധ്യേ എടുക്കുന്ന പ്രത്യേക പിരിവ് 01.05.2020ന് മുമ്പ് രൂപതാ ഫിനാൻസ് ഓഫീസിൽ എത്തിക്കാൻ ബന്ധപ്പെട്ടവർ ശ്രമിക്കുമല്ലൊ.

**D. ദുഃഖവെള്ളി**

ദുഃഖവെള്ളിയാഴ്ചയിലെ പിരിവ് വിശുദ്ധ നാടിന്റെ (Holy Land) സംരക്ഷണത്തിനും നടത്തിപ്പിനുമായി അയച്ചുകൊടുക്കാനുള്ളതാണ്. ആയതിനാൽ അന്നത്തെ തിരുക്കർമ്മങ്ങളുടെ മദ്ധ്യേ വിശുദ്ധനാടിന്റെ സംരക്ഷണത്തേയും അതിന്റെ പ്രാധാന്യത്തേയും പറ്റി പറഞ്ഞു ബോധവാന്മാരാക്കി പിരിവ് തുക 01.05.2020ന് മുമ്പ് രൂപതാ ഫിനാൻസ് ഓഫീസിൽ ഏൽപ്പിക്കാൻ താല്പ്പര്യപ്പെടുന്നു.

**E. വൈദിക വിശുദ്ധീകരണദിനവും വി. മൂറോൻ വെഞ്ചിരിപ്പും**

വൈദിക വിശുദ്ധീകരണദിനവും വി. മൂറോൻ വെഞ്ചിരിപ്പും വലിയ ആഴ്ചയിലെ തിങ്കളാഴ്ച (06.04.2020) രാമനാഥപുരം കത്തീഡ്രലിൽ ഉണ്ടായിരിക്കുമെന്ന് അറിയാമല്ലൊ. എല്ലാ വൈദികർക്കും സന്യസ്തർക്കും കൈക്കാരന്മാർക്കും പാസ്റ്ററൽ കൗൺസിലംഗങ്ങൾക്കും മതബോധന പ്രധാനാദ്ധ്യാപകർക്കും അതിനുള്ള ക്ഷണക്കത്ത് അയച്ചിട്ടുണ്ട്. ഉച്ചയ്ക്ക് 1 മണിക്കുള്ള സമൂഹബലിക്ക് രൂപതാതിർത്തിയിലെ വൈദികരും (സന്യാസ വൈദികർ ഉൾപ്പെടെ) ദൈവശാസ്ത്ര വൈദിക വിദ്യാർത്ഥികളും കൂടാതെ, അവൈദിക സന്യാസ സമൂഹാധികാരികളും പള്ളി കൈക്കാരന്മാരും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും മതബോധന പ്രധാനാദ്ധ്യാപകരും സന്നിഹിതരായിരിക്കണെന്ന് അപേക്ഷിക്കുന്നു.

**F. രൂപതാദ്ധ്യക്ഷന്റെ വ്യക്തിപരമായ കത്തിനുള്ള മറുപടി**

ദശവത്സരാചരണത്തോടനുബന്ധിച്ച് രൂപതാദ്ധ്യക്ഷൻ കുടുംബങ്ങളിലേയ്ക്കും സന്യാസഭവനങ്ങളിലേയ്ക്കും വൈദികർക്കും കൊടുത്തുവിട്ടിട്ടുള്ള എഴുത്തിനുള്ള മറുപടി 01-04-2020ന് മുമ്പ് രൂപതാ ഫിനാൻസ് ഓഫീസിൽ ഏല്പ്പിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നല്ലൊ. അക്കാര്യം ഓർമ്മിപ്പിക്കുന്നു.

**G. വൈദിക ക്ഷേമനിധി (PWF) യിലേക്കുള്ള വിഹിതം**

പള്ളികളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും ശുശ്രൂഷ നിർവ്വഹിക്കുന്ന വൈദികരുടെ പേരിൽ രൂപതാ വൈദിക ക്ഷേമനിധി യിലേക്ക് (PWF) അടക്കാനുള്ള വാർഷിക വിഹിതം (ഒരു മാസത്തെ അലവൻസ് - 13-ാം മാസത്തെ അലവൻസ്) ഈ വർഷം ഇതുവരെ അടക്കാത്തവർ (മുൻവർഷങ്ങളിൽ അടയ്ക്കാത്തവർ ഉൾപ്പെടെ) മെയ് 31ന് മുമ്പ് രൂപതാ ഫിനാൻസ് ഓഫീസിൽ ഏൽപ്പിക്കണം.

## H. Permissions/approvals granted:

a Approval granted to the decision of St. Joseph's church, Mettupalayam to set apart free of cost the sufficient land in its cemetery for construction of necessary ordinary tombs for the benefit of the members of Jeevan Jyothi centre, Thottipalayam (Order No. 5.48/2020 dated 03-3-2020; 52/2020 dated 24-3-2020)

b Approval granted to the re-constituted Management committee of Mater Dei International school, Pattanam (Order No. 49/2020 dated 03-3-2020)

**I. Appointments:**

- Fr. Nithin Palakkatt relieved chaplain, Zion Ashram (MMB), Selvapuram with retrospective effect from 15th February 2020 (Order No. 44/2020 dated 24-02-2020)
- Fr. Geo Kunnathuparambil appointed chaplain, Zion Ashram (MMB), Selvapuram with effect from 24th February 2020 until further orders (Order No. 45/2020 dated 24-02-2020)
- Mr. Raju Cherianmakkal relieved from his office as one of the four internal auditors of the eparchy with immediate effect (Order No. 46/2020 dated 03-3-2020)
- Mr. C.V. Johnson Chittilappilly appointed one of the four internal auditors of the eparchy with immediate effect until further orders (Order No. 47/2020 dated 03-3-2020)

**J. Committees:**

**a Re-constituted Management committee of Mater Dei school**

- Bishop of the diocese : Mar Paul Alappatt (Chairman)
- Syncellus of the diocese : Mgr. George Narikuzhi (Vice Chairman)
- Finance officer of the diocese : Fr. Joseph Alappadan (Member)
- Correspondent of the school : Fr. Derin Pallikunnath (Secretary)

- Chancellor & Secretary of St. Joseph's Educational society : Fr. Thomas Kavungal
- Vicar, Ramanathapuram Forane : Fr. Joseph Puthur (Member)
- Local Parish priest : (Member)
- Director, Catechism & Children's Ministry: Fr. Tomy Punnathanath
- Lay secretary, Diocesan Pastoral council : Mr. T.K. Cyriac (Member)
- Consultant : Mr. P.X. George
- Consultant/ Educationalist : Mrs. Mercy Johnson
- Mr. K.A. Kuriachan : Nominated member
- Mr. Vincent Vellanikaran : Nominated Member
- Mr. Diviamon Antony Nambadan : Nominated member
- Adv. Reena Shaju : Nominated member
- Mr. Raju Cherian : Nominated member
- Mr. A.F. Simon : Nominated member

**b Re-constitututed Presbyteral council (2020-'23)**

- **Ex-officio (CCEO c. 266, n. 2):**
- Eparchial bishop (President) : Mar Paul Alappatt
- Syncellus (Vice President) : Mgr. George Narikuzhi
- Judicial vicar
- Finance officer : Fr. Joseph Alappadan
- Chancellor : Fr. Thomas Kavungal
- Rector of the Minor seminary : Fr. Joy Chittilappilly
- Protopresbyters:
  Ramanathapuram - Fr. Joseph Puthur
  Gandhipuram- Erode - Fr. Joby Thekkinedath
- Eparchial Director of Catechism: Fr. Tomy Punnathanath
- Provincial : Fr. Joy Kolengadan, CMI
- Corporate Manager of the eparchial educational institutions
- **Elected** (CCEO c. 266 n.1; PL, title II, art. 15):
- **Representatives of the permanently opted priests:**
- Fr. Varghese Puthanangady (Group 1)
- Fr. Prinson Manjaly (Group II)

- Fr. Martin Pattarumadathil (Group III)
- **Representative of other eparchial priests:**
- Fr. Paul Pulikottil (Group IV)
- Fr. Jaison Chothirakott (Group V)
- **Representatives of the religious priests:**
- Fr. Rojo Purayidathil, OFM Conv. (Group VI)
- Fr. Joice Rathappillil, CST (Group VII)
- **Representatives of the Protopresbyterates:**
- Ramanathapuram : Fr. Shaji Pandaraparambil
- Gandhipuram : Fr. Johnson Veeppattuparambil
- Erode : Fr. Jijo Parayil

**5. Delegate of the Pious Associations & Movements:**

Fr. Antony Mecherippadi

- **Nominated** (CCEO c. 266 n.3):
- Fr. Wilson Plackal
- Fr. Geo Kunnathuparambil
- Fr. Noble Panthaladickal
- Fr. Bijo Palayil

Mgr. George Narikuzhi,
Syncellus



# EPARCHIAL FINANCE OFFICE

**വാർഷിക ഓഡിറ്റിംഗ് :** 2019-20 സാമ്പത്തിക വർഷത്തിലെ കണക്കുകൾ വേഗത്തിൽ തയ്യാറാക്കി ഇന്റേർണൽ ഓഡിറ്റ് നടത്തി. C.A. ഓഡിറ്റിംഗ് നടത്തുന്നതിനായി 2020 ഏപ്രിൽ 30ന് മുമ്പായി താഴെക്കൊടുത്തിട്ടുള്ളവ രൂപതാ ഫിനാൻസ് ഓഫീസിൽ എത്തിക്കേണ്ടതാണ്. 1.Day Book, 2. Leadger, 3. Receipt & Payment A/c. Statement, 4. Denomination Book (with signature of Vicar & Kaikarans), 5. Receipt Books, 6. Vouchers & Bills, 7. Orginal Fixed Deposit Receipts with one photo copy, 8. Bank Pass Book, 9. Bankd A/c. Balance confirmation as on 31/03/2020, 10. Copy of last year's audited financial statement. കൊണ്ടുവരുന്ന രേഖകളുടെ ഒരു ലിസ്റ്റും ഇതോടൊപ്പം കൊണ്ടുവരേ

ണ്ടതാണ്. ഇതോടൊപ്പം ഇടവകകളിലെ യൂണിറ്റുകളുടെയും ഭക്തസംഘടനകളുടെയും വരവു ചിലവു കണക്കുകളും കൊണ്ടുവരണം.

A. Seminary Burse

1. Mr. Lawrance M.P, Mambrakkaran House, SF 101/1 Eachakadu , Tirupur

2· Mr. A.P Vincent & Family, Tamilnadu Automobiles, Palladam Road

3· Little Flower Convent School, Tirupur

4· Mr. Vineed Varghese , Chambilil, Ganapathipalayam , Tirupur

5· Mr.Biju Benny , 48 Ansari Street, Ramnagar, CBE

6· Mr. Johnson E.J & Family , Edakkara House , 289/2, Bannarimariaman Kovil

B· Seminary General Fund

1· Mr. Alaxander Valiakulathil, Kottayam , Kerala — 7000/-

C· Mother Theresa Peace Home

1· Mrs. Annie Porinchu , C/o JMJ Acadamy , Pappampattipirivu — .3000/-

D. Educational Apostolate

1· Assisi Convent , Avinasi Road, Tirupur — 5000/-

E . Decenial Year Fund

1· Mr. Raju Cherian, Ramanathapuram — 50,000/-

2· Mr. T.P Shajan, Pioneer Motors,Kamaraj Road , Tirupur — 50,000/-

3· KOB Medical Textiles PVT Ltd, Semmipalayam Village , Palladam — 2,00,000/-

4· Holy family convent, Ukkadam — 10,000/-

5· St. Jude's church Dharapuram — 73 50/-

6· Fr. Jerin Elamkunnapuzha — 1000/-

7· Fr. Thomas Kavungal — 1000/-

8· Lourde Forane church , Gandhipuram — 275535/-

9· Jeevan Jyothi Centre, Chinnathottipalayam — 9250/-

| | |
|---|---|
| Sd/- | |
| **ഫാ. ജെറിൻ എളങ്കുന്നപ്പുഴ** | **ഫാ. ജോസഫ് ആലപ്പാടൻ** |
| അസി. ഫിനാൻസ് ഓഫീസർ | ഫിനാൻസ് ഓഫീസർ |

## SPECIAL COLLECTION 2019-2020

| No. | Special Collection | Mission Sunday | Family Apostulate | Youth Day | Jesus Youth | Peter's Penny | Media Day | Bible Sunday | S.M.Mission Sunday | S.M.Church Day | Justice Sunday | Holy Child Hood | Santhom Voice | C. M. L. | Social Service | Carismatic | Catechism | Prison Ministory | 13 th Month | Good Friday | Maundy Thursday | Lenten Campaign |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Ramanathapuram | 71550 | 3000 | 3600 | 1600 | 500 | 1100 | 1100 | 10000 | 4000 | 600 | 600 | 250 | 2200 | 500 | 1500 | 1500 | 1600 | 29800 | | | |
| 2 | Ukkadam | | | | | | | | | | | | | | | | | | | | | |
| 3 | Kuniamuthur | 14320 | 250 | 250 | 250 | 250 | 250 | 250 | 1500 | 1220 | 250 | 250 | 250 | 250 | 350 | 250 | 300 | 300 | 10000 | | | |
| 4 | Podannur | | | | | | | | | | | | | | | | | | | | | |
| 5 | Sulur Aero | 86400 | | | | | | | | | | | | | | | | | | | | |
| 6 | Palladam | | | | | | | | | | | | | | | | | | | | | |
| 7 | Pollachi | 41000 | 250 | 200 | 100 | 100 | 100 | 100 | 1500 | 360 | 100 | 100 | 250 | 200 | 200 | 200 | 150 | 100 | 10000 | | | |
| 8 | Suleswarampatty | 10000 | 100 | 100 | 100 | 100 | 100 | 100 | 1010 | 200 | 100 | 100 | 250 | 100 | 100 | 100 | 100 | 100 | | | | |
| 9 | Valparai | | | | | | | | | | | | | | | | | | | | | |
| 10 | Udumalpettu | | | | | | | | | | | | | | | | | | | | | |
| 11 | Darapuram | | | | | | | | | | | | | | | | | | | | | |
| 12 | Gandhipuram | 100000 | 500 | 500 | 500 | 500 | 500 | 1000 | 2500 | | 500 | | 250 | 500 | 1000 | 500 | 500 | 250 | | | | |
| 13 | Viswasapuram | | | | | | | | | | | | | | | | | | | | | |
| 14 | R.S.Puram | 9850 | | | | | | | | | | | | | | | | | | | | |
| 15 | Saibaba Colony | 53600 | 500 | 300 | 300 | 500 | 4800 | 300 | 4877 | 2785 | 300 | 300 | 250 | 300 | 1000 | 300 | 500 | 1000 | 10000 | | | |
| 16 | Edayapalayam | | | | | | | | | | | | | | | | | | | | | |
| 17 | Kavundampalayam | | | | | | | | | | | | | | | | | | | | | |
| 18 | Karamadai | 5000 | | | | | | | | | | | | | | | | | | | | |
| 19 | Mettupalayam | | | | | | | | | | | | | | | | | | | | | |
| 20 | Thottipalayam | | | | | | | | | | | | | | | | | | | | | |
| 21 | P. N.palayam | 10000 | 250 | 250 | 250 | 500 | 250 | 250 | 5000 | 500 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 1625 | | | |
| 22 | Ganapathy | | | | | | | | | | | | | | | | | | | | | |
| 23 | Karur | | | | | | | | | | | | | | | | | | | | | |
| 24 | Erode | | | | | | | | | | | | | | | | | | | | | |
| 25 | Sasthrinagar | | | | | | | | | | | | | | | | | | | | | |
| 26 | Chennimalai | 4500 | 100 | 50 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 250 | 100 | 150 | 100 | 100 | 100 | 400 | | | |
| 27 | Tirupur | 21300 | | | | | | | 2180 | 1235 | | | | | | | | | | | | |
| 28 | Kangayam | 830 | | | | | | | 820 | 110 | | | | | | | | | | | | |
| 29 | Annur | 15000 | | | | | | | | | | | | | | | | | | | | |
| 30 | Vadakukad | 19600 | | | | | | | | | | | | | | | | | | | | |
| 31 | Citra | | | | | | | | | | | | | | | | | | | | | |
| 32 | Salem | | | | | | | | | | | | | | | | | | | | | |
| 33 | Dindigal | 3050 | | | | | | | | | | | | | | | | | | | | |
| 34 | Kodaikanal | | | | | | | | | | | | | | | | | | | | | |
| 35 | Trichy | | | | | | | | | | | | | | | | | | | | | |
| 36 | Thanjavur | 1550 | | | | | | | | | | | | | | | | | | | | |
| 37 | Arogyamatha Pollachi | | | | | | | | | | | | | | | | | | | | | |



# പാസ്റ്ററൽ കൗൺസിൽ

## രാമനാഥപുരം രൂപത 5-ാം പാസ്റ്ററൽ കൗൺസിൽ രൂപതാദ്ധ്യക്ഷൻ മാർ പോൾ ആലപ്പാട്ടിന്റെ ഉദ്ഘാടന പ്രസംഗം (14.03.2020)

സ്നേഹമുള്ള കാവുങ്കലച്ചാ, പ്രിയ സിറിയക്, പുതിയ അംഗങ്ങളായി ഇവിടെ എത്തിയിട്ടുള്ള ബ. വൈദികരേ, സന്യസ്തരേ, മറ്റു സഹോദ രീസഹോദരന്മാരേ,

ആദ്യമായി നാലാം പാസ്റ്ററൽ കൗൺസിൽ പ്രവർത്തനങ്ങളുടെ വിജയത്തിനായി സഹകരിച്ച എല്ലാ അംഗങ്ങളേയും ഞാൻ നന്ദിയോ ടും ആദരവോടും കൂടി ഓർക്കുന്നു. ചർച്ചകളിലൂടെയും തീരുമാനങ്ങ ളിലൂടെയും സഭാസമൂഹത്തെ കെട്ടിപടുക്കുന്നതിൽ പഴയ അംഗങ്ങൾ നിർവ്വഹിച്ച പങ്ക് നിസ്തുലമാണ്. ത്യാഗത്തോടെ വരാനും പങ്കെടു ക്കാനും തീരുമാനങ്ങൾ നടപ്പാക്കാനും അവർ കാണിച്ച തീക്ഷണത ഈയവസരത്തിൽ വലിയ കടപ്പാടോടുകൂടി ഞാൻ സ്മരിക്കുന്നു.

നിങ്ങൾ 5-ാം പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ ഇതുപോലെത്തന്നെ നമ്മുടെ രൂപതയുടെ നന്മ മനസ്സിലാക്കി ഇവിടെ കടന്നുവന്നവരാണ്. ഒരുപാട് ജോലിതിരക്കിനിടയിലും നിങ്ങൾ ഇവിടെ ബുദ്ധിമുട്ടിവന്ന തിന് സന്തോഷം. 241 പേരാണ് പുതിയ പാസ്റ്ററൽ കൗൺസിലിലെ അംഗങ്ങൾ. ചിലർക്ക് ഇവിടെ എത്തിച്ചേരാൻ ചില സാങ്കേതിക കാര ണങ്ങളുടെ പേരിൽ കഴിഞ്ഞില്ല. എങ്കിലും, ഇത്രയും പേർ എത്തി ച്ചേർന്നതിൽ ഏറെ സന്തോഷം. ഈ 241 പേരിൽ പലരും മുൻ കൗൺസിലുകളിൽ എക്സ് ഒഫീച്ചിയോ, ഇലക്റ്റഡ് + നോമിനേറ്റഡ് എന്ന രീതികളിൽ അംഗങ്ങളായിരുന്നവരാണ്. ഇവരെല്ലാവരും ഇനിയും ഒത്തൊരുമിച്ച് നീങ്ങി കഴിഞ്ഞാൽ പാസ്റ്ററൽ കൗൺസിലിന് ഒരുപാട് നല്ലകാര്യങ്ങൾ ഇനിയും സഭയ്ക്കും നാടിനും വേണ്ടി ചെയ്യാൻ കഴിയും എന്നതിനെപ്പറ്റി ഒട്ടും സംശയമില്ല. അതുകൊണ്ട് നിങ്ങൾ എല്ലാവരേയും ഞാൻ സ്നേഹത്തോടെ രൂപതയുടെ 5-ാം പാസ്റ്ററൽ കൗൺസിലിലേയ്ക്ക് വലിയ പ്രതീക്ഷയോടെ സ്വാഗതം ചെയ്യുന്നു. എല്ലാവർക്കും അനുമോദനങ്ങൾ!

പല ശുശ്രൂഷകൾക്കായി നമ്മെ ദൈവം തിരഞ്ഞെടുക്കുന്നു. ഇന്നു ചിലർക്ക് ലഭിക്കുന്ന അവസരങ്ങൾ നാളെ മറ്റു ചിലർക്ക് ലഭിക്കുന്നു. അതുകൊണ്ടാണ് 4-ാം പാസ്റ്ററൽ കൗൺസിലിൽ ഉണ്ടായിരുന്ന ചിലർ ഈ കൗൺസിൽ ഇല്ല. എന്നാൽ അന്ന് ഇല്ലാതിരുന്ന ചിലർ ഇവിടെ പുതുതായി എത്തിയിട്ടുണ്ട്. എല്ലാവർക്കും പ്രാർത്ഥനാ നിർഭരമായ

ആശംസകൾ!

നേരത്തെ തോമസച്ചൻ സൂചിപ്പിച്ചതുപോലെ, ഇത് രൂപതയുടെ പ്രതി നിധിയോഗമാണ് – ഒരു സമിതിയാണ്. രൂപതയുടെ എല്ലാതലങ്ങളിലു മുള്ളവരുടെ ഒരു സമിതിയാണ് രൂപതയുടെ പ്രതിധിയോഗമായ പാസ്റ്റ റൽ കൗൺസിൽ.

രൂപതയുടെ അജപാലനപരമായ വളർച്ചയിൽ രൂപതാദ്ധ്യക്ഷനോ ടൊപ്പം പാസ്റ്ററൽ കൗൺസിലിന് ദൈവികമായ ദൗത്യമുണ്ട്. നമുക്കറി യാവുന്നതുപോലെ, വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ചകാര്യങ്ങ ളിൽ പാസ്റ്ററൽ കൗൺസിലിന് പ്രത്യേക അധികാരമില്ല. അവസംബ ന്ധിച്ചുള്ള കാര്യങ്ങളിൽ അന്തിമ തീരുമാനം സഭയുടെ പരമോന്നത നേതൃത്വത്തിന്റേതാണ്. വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങൾ രൂപതയാകുന്ന പ്രദേശിക സഭയുടെ സമഗ്രമായ വളർച്ച യ്ക്കുവേണ്ടി നടപ്പിലാക്കാനുള്ള സഹകരണമാണ് പാസ്റ്ററൽ കൗൺസിലിൽ നിന്ന് പ്രതീക്ഷിക്കുന്നത്. ഈ പ്രത്യേക ദൗത്യം ശരി യായി നിർവ്വഹിക്കാൻ പാസ്റ്ററൽ കൗൺസിലംഗങ്ങൾക്ക് കഴിയണമെ ങ്കിൽ താഴെപറയുന്ന കാര്യങ്ങളിൽ അവർക്ക് വ്യക്തതയും കൃത്യതയു മുണ്ടാകണം.

a. ക്രിസ്തുവിൽ ആഴമുള്ള വിശ്വാസവും സഭയോട് ആത്മാർത്ഥ തയുള്ള സ്നേഹവും ഉണ്ടാകണം.

b. രൂപതയ്ക്കും സഭയ്ക്കും വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന ഉറച്ചതീരുമാനവും അതിനുവേണ്ടിയുള്ള പ്രതിബദ്ധതയും ഉണ്ടാകണം.

c. പാസ്റ്ററൽ കൗൺസിൽ അംഗത്വം വെറും അലങ്കാരമല്ലെന്നും അതു ദൈവമഹത്വത്തിനും സഭയുടെ വളർച്ചയ്ക്കുംവേണ്ടി ഏറ്റെടു ത്തിട്ടുള്ള ദൈവിക ദൗത്യമാണെന്നുമുള്ള ബോദ്ധ്യം വേണം.

ക്രിസ്തുവിൽ ആഴമുള്ള വിശ്വാസവും സഭയോട് ആത്മാർത്ഥമായ സ്നേഹവും ഇല്ലാത്തവർക്ക് സഭയയുടെ അജപാലനപരമായ ദൗത്യ ത്തിൽ പങ്കുചേരാൻ അർഹതയില്ല. അതുകൊണ്ട് പാസ്റ്ററൽ കൗൺസി ലംഗങ്ങൾക്ക് ക്രിസ്തുവിൽ ആഴമുള്ള വിശ്വാസമുണ്ടാകണം, സഭ യോട് ആത്മാർത്ഥമായ സ്നേഹമുണ്ടാകണം. ഈ വിശ്വാസത്തിലും സ്നേഹത്തിലും വളരാനും ആ വിശ്വാസവും സ്നേഹവും മറ്റുള്ളവരി ലേയ്ക്ക് എത്തിക്കാനുള്ള തീക്ഷ്ണമായ പരിശ്രമവും ഉണ്ടാകണം. അതായത് ക്രിസ്തുവിലുള്ള വിശ്വാസത്തിലാരംഭിച്ച്, സഭയോടുള്ള സ്നേഹത്തിലേയ്ക്ക് വളർന്ന് ഈശോയേയും സഭയേയും മനുഷ്യഹൃ ദയങ്ങളിലേയ്ക്ക് എത്തിക്കാനുള്ള സുവിശേഷ സമർപ്പണ ചൈതന്യ ത്തിലേയ്ക്കെത്തിനില്ക്കണം ക്രിസ്തുശിഷ്യത്വവും പാസ്റ്ററൽ

കൗൺസിലംഗത്വവും.

ഒന്നാമതായി, സഭയ്ക്കും സഭാനേതൃത്വത്തിനുമെതിരെ എതിർപാളയത്തിൽനിന്ന് വെല്ലുവിളിയ്ക്കുന്നവരും തന്ത്രങ്ങൾ മെനയുന്നവരുമാകരുത് പാസ്റ്ററൽകൗൺസിലംഗങ്ങൾ. സഭയ്ക്കുള്ളിൽനിന്ന് സ്വന്തം നവീകരണത്തിനും സഭയുടെ വളർച്ചയ്ക്കും വേണ്ടി അദ്ധ്വാനിക്കുന്നവരാകണം അംഗങ്ങൾ. സഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ രണ്ടുതരത്തിലുള്ള നവീകരണശ്രമങ്ങൾ നാം കാണുന്നുണ്ട്.

a. 12-ാം നൂറ്റാണ്ടിൽ വി. ഫ്രാൻസിസ് അസ്സീസിയുടെ നേതൃത്വത്തിൽ
b. 16-ാം നൂറ്റാണ്ടിൽ അഗസ്റ്റീനിയൻ സന്യാസിയായിരുന്ന മാർട്ടിൻ ലൂഥറിന്റെ നേതൃത്വത്തിൽ

ഈ രണ്ടു പരിശ്രമങ്ങളുടെയും ലക്ഷ്യം ഒന്നുതന്നെയായിരുന്നു. സഭയിലെ അരുതാത്ത പ്രവണതകളേയും ശൈലികളേയും ഒഴിവാക്കി ഈശോമിശിഹായുടെ സുവിശേഷമനുസരിച്ചുള്ള സഭാനവീകരണം സാധിക്കുക. എന്നാൽ എവിടെയാണ് രണ്ട് പരിശ്രമങ്ങൾ വ്യത്യാസപ്പെട്ടത്? രണ്ടിന്റേയും ലക്ഷ്യം ഒന്നായിരുന്നു, പക്ഷെ മാർഗ്ഗങ്ങൾ വ്യത്യസ്തമായിരുന്നു.

വി. ഫ്രാൻസിസ് അസ്സീസി സഭയ്ക്കുള്ളിൽനിന്ന് സഭാ നേതൃത്വത്തിന് വിധേയമായി സുവിശേഷവഴിയിലൂടെ മുന്നേറി. മാർട്ടിൻ ലൂഥർ സഭയ്ക്ക് പുറത്തുചാടി. സഭാ നേതൃത്വത്തെ വെല്ലുവിളിച്ച് സഭാശത്രുക്കൾ സഭയെ ആക്രമിക്കാനും നശിപ്പിക്കാനും വഴി മരുന്നിട്ടു. ഫലമെന്തായിരുന്നു, സുവിശേഷത്തിൽനിന്നകന്ന സഭാസമൂഹത്തെ വി. ഫ്രാൻസിസ് അസ്സീസി പ്രാർത്ഥനയിലൂടെ, ത്യാഗത്തിലൂടെ, സുവിശേഷരീതിയിൽ ക്രിസ്തുവിലേയ്ക്ക് തിരിച്ചുകൊണ്ടുവന്നു. മാർട്ടിൻ ലൂഥർ പ്രക്ഷോഭത്തിലൂടെയും ചേരിതിരിവിലൂടെയും പാശ്ചാത്യസഭയെ വെട്ടിമുറിച്ച് പാഷണ്ഢതയ്ക്കും ശീശ്മയ്ക്കും കാരണമായി. ലോകസമാധാനത്തിനുവേണ്ടിയുള്ള പ്രാർത്ഥനകളും ചർച്ചകളും ലോകമതനേതാക്കൾ അസ്സീസ്സിയിൽ നടത്തുന്നത് ഇന്നും വി. ഫ്രാൻസിസ് അസ്സീസിയുടെ ദർശനത്തിനും ശൈലിക്കും മനുഷ്യമനസ്സിലും ലോകമനസ്സാക്ഷിയിലും അതുല്യസ്ഥാനമുള്ളതുകൊണ്ടാണ്. ഇതാണ് ഒരേ സഹസ്രാബ്ദത്തിൽ നടന്ന- പന്ത്രണ്ടാം നൂറ്റാണ്ടിലും പതിനാറാം നൂറ്റാണ്ടിലും - രണ്ട് സഭാനവീകരണ പരിശ്രമങ്ങൾ തമ്മിലുള്ള വ്യത്യാസം.

പ്രിയപ്പെട്ടവരേ, സഭയ്ക്ക് നവീകരണം ഉണ്ടാകണമെങ്കിൽ നമ്മൾ സഭയോടൊപ്പം നില്ക്കണം. സഭയ്ക്കുള്ളിൽനിന്ന്, സഭയ്ക്കുവേണ്ടി പ്രാർത്ഥിച്ചും, ത്യാഗം ചെയ്തും, നമ്മുടെ നിർദ്ദേശങ്ങൾ നല്കിക്കൊണ്ടുമുള്ള നവീകരണ പരിശ്രമങ്ങൾക്കുമാത്രമേ ശാശ്വതമായ ഫലപ്രാപ്തിയുണ്ടാകുകയുള്ളു. സഭയ്ക്ക് പുറത്തുനിന്ന് ആരൊക്കെ വെല്ലുവി

ളിച്ചിട്ടുണ്ടോ, സഭയെ പിളർത്താനും നശിപ്പിക്കാനും സെക്റ്റുകൾ ഉണ്ടാക്കിയിട്ടുണ്ടോ, അടിസ്ഥാനരഹിതമായ ആരോപണങ്ങൾ പറഞ്ഞുപരത്തി സഭയെ നശിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടോ അതൊക്കെ അധികം വൈകാതെ ഇല്ലാതാകുന്ന ശബ്ദമാകും. അതേസമയം വി. ഫ്രാൻസിസ് അസ്സീസിയുടെ ശബ്ദവും സ്വാധീനവും എട്ടുനൂറ്റാണ്ടുകൾക്കുശേഷം ഇന്നും നിലനില്ക്കുന്നു. ഇപ്രകാരമുള്ള രീതിയിൽ സഭയേയും പ്രാദേശികസഭയേയും സ്നേഹിക്കാനും സേവിക്കാനുമുള്ള ഉത്തരാവാദിത്തമാണ് പുതിയ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ ഇന്ന് ഏറ്റെടുക്കുന്നത്.

രണ്ടാമതായി, നമുക്ക് എന്തെങ്കിലും ചെയ്യാൻ കഴിയണമെങ്കിൽ ഒറ്റയ്ക്ക് നിന്ന് ജയ് വിളിച്ചാൽ പോരാ, കൂട്ടം കൂടണം, കൂടെ നില്ക്കണം. മൂന്ന് മാസത്തിലൊരിക്കലാണ് പാസ്റ്ററൽ കൗൺസിൽ ജനറൽബോഡി മീറ്റിംഗ്. അപ്രകാരമൊരു മീറ്റിംഗ് ഫലപ്രദമായി നടത്താൻ അതിന്റെ പിന്നിലുള്ള അദ്ധ്വാനം നിങ്ങൾ മനസ്സിലാക്കണം. കൗൺസിലിന്റെ അജണ്ടാകമ്മിറ്റി ഒരുപാട് അദ്ധ്വാനിച്ച് ഒരുങ്ങി മീറ്റിംഗിനുവേണ്ടി നിങ്ങളെ വിളിക്കുമ്പോൾ തന്നിലൂടെ സഭയ്ക്കും രൂപതയ്ക്കും നന്മയുണ്ടാകാൻ താൻ വിശ്വസിക്കുന്ന ദൈവമാണ് തന്നെ വിളിച്ചതെന്നുള്ള താല്പര്യത്തോടെ മൂന്ന് മാസത്തിലൊരിക്കൽ ഇങ്ങോട്ടുവരാൻ എല്ലാവരും തയ്യാറാകണം. ഉദ്ഘാടന സമ്മേളനത്തിൽ മാത്രം വന്നാൽ പോരാ എന്ന് സാരം. എല്ലാ മീറ്റിംഗുകളിലും വരണം, വന്ന് കഴിഞ്ഞാൽ ക്രിയാത്മകമായി തനിയ്ക്ക് എന്തെങ്കിലും കൊടുക്കാൻ കഴിയണം എന്ന ചിന്തയുണ്ടാകണം. ഒരുമിച്ച് ഇരുന്ന് ചർച്ചചെയ്യാനും പഠിക്കാനും തയ്യാറാകണം.

സഭ ഒരുപാട് വിമർശിക്കപ്പെടുകയും വിവാദങ്ങളിൽപ്പെട്ട് ഉഴലുകയും ചെയ്യുന്ന കാലഘട്ടമാണല്ലോ ഇപ്പോൾ. രാഷ്ട്രീയവും സാമൂഹ്യവും അധാർമ്മികവുമായുള്ള ഒരുപാട് പ്രശ്നങ്ങൾ. എന്തുകൊണ്ടാണ് പലപ്പോഴും അവയ്ക്കെതിരെ ഫലപ്രദമായി, ക്രിയാത്മകമായി പ്രതികരിക്കാൻ പലർക്കും കഴിയാത്തത്? പാർലമെന്റ് പാസ്സാക്കിയ പൗരത ബിൽ, ലൗജിഹാദ് സംബന്ധിച്ച വിവാദം, 24 ആഴ്ചവരെ പ്രായമുള്ള കുഞ്ഞിനെ ഗർഭച്ഛിദ്രത്തിലൂടെ കൊല്ലാമെന്ന കേന്ദ്രഗവൺമെന്റിന്റെ പുതിയ നിയമം എന്നിവ ചില ഉദാഹരണങ്ങൾ മാത്രം. വി. സുവിശേഷവും സഭാ പ്രബോധനങ്ങളും അനുസരിച്ച് ജീവിക്കുന്ന ഒരു ശിഷ്യനും ഒരു യഥാർത്ഥ പൗരനും അംഗീകരിക്കാൻ പറ്റുന്നതല്ല മേല്പറഞ്ഞ കാര്യങ്ങൾ. എങ്കിലും അതേപ്പറ്റി വേണ്ടവിധം പഠിച്ചു പ്രതികരിക്കാൻ നമുക്ക് കഴിയുന്നില്ല. ഓരോ ജനറൽബോഡി മീറ്റിംഗിലും വിവിധ വിഷയങ്ങളെപ്പറ്റി ആഴത്തിൽ പഠിക്കാൻ നമുക്ക് അവ

സരമുണ്ടെങ്കിലും അത് നാം വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല എന്നതാണ് സത്യം.

നമ്മൾ വേണ്ടവിധം പഠിക്കുന്നില്ല, പ്രതികരിക്കുന്നില്ല എന്ന് മാത്രമല്ല, നാം പാസ്റ്ററൽ കൗൺസിലിൽ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തെ, ഗ്രൂപ്പിനെ, സംഘടനയെ പഠിച്ച കാര്യങ്ങളിൽ ആഴപ്പെടുത്താനോ അവയിൽ നിന്ന് ഉരുതിരിഞ്ഞ ബോദ്ധ്യങ്ങളിലേയ്ക്ക് കൊണ്ടുവരാനോ നമുക്ക് പലപ്പോഴും കഴിയുന്നില്ല. ഒരു ഇടവകയുടെ വികാരിയെന്ന നിലയിലൊ ഫൊറോന വികാരിയെന്ന നിലയിലൊ സംഘടനയുടെ പ്രസിഡന്റെന്ന നിലയിലൊ സന്യാസ സമൂഹത്തിന്റെ അധികാരിയെന്ന നിലയിലൊ തിരിച്ചു ചെല്ലുമ്പോൾ പാസ്റ്ററൽ കൗൺസിലിൽ ഇപ്രാവശ്യം ചർച്ചചെയ്ത വിഷയം ഇന്നതായിരുന്നുവെന്നും ഇന്നതാണ് കൗൺസിലിന്റെ സന്ദേശമെന്നും ബന്ധപ്പെട്ടവരെ അറിയിക്കാനുള്ള സന്ദേശവാഹകരും പ്രേഷിതരുമാണ് പാസ്റ്ററൽ കൗൺസിലിലെ ഓരോ അംഗവും. അതുപോലെ ഇടവകതലത്തിൽ പ്രതിനിധിയോഗത്തിലെ എക്സ് ഒഫീച്ചിയോ അംഗങ്ങളാണ് കൗൺസിലംഗങ്ങൾ. വികാരിയച്ചനും കൊച്ചച്ചന്മാരും കൈക്കാരന്മാരും കഴിഞ്ഞാൽ എക്സ് ഒഫീച്ചിയോ അംഗങ്ങൾ ഒരു കൂട്ടർ മാത്രം- പാസ്റ്ററൽ കൗൺസിലംഗങ്ങൾ.

നമ്മുടെ രൂപതയിൽ "സാൻതോം വോയ്സി"ന്റെ (ബുള്ളറ്റിൻ) കോംപ്ലിമെന്റ് കോപ്പികൾ പ്രധാനമായും ആർക്കാണ് അയച്ചുകൊടുക്കുന്നത്? അടുത്തമാസം മുതൽ 241 പേർക്ക് ഇപ്രകാരം ബുള്ളറ്റിൻ കോപ്പികൾ അയച്ചുകൊടുക്കും. അത് എല്ലാവരും മറിച്ചുനോക്കണം. അജണ്ടാകമ്മിറ്റിയുടെ കാര്യം പറഞ്ഞതുപോലെ, ഒരു ബുള്ളറ്റിൻ പുറത്തുവരുന്നതിന്റെ പിന്നിലുള്ള അദ്ധ്വാനം എത്രമാത്രമാണെന്നോ? അച്ചടിക്കാനും അയയ്ക്കാനുമുള്ള സാമ്പത്തിക ചിലവ് മാത്രമല്ല. തന്റെ പ്രവർത്തനമേഖലകളിൽ ചെല്ലുമ്പോൾ ഓരോ അംഗത്തിനും തോന്നണം I have a Mission - സഭയ്ക്കുവേണ്ടി, തമ്പുരാനുവേണ്ടിയുള്ള മിഷൻ. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ സൃഷ്ടിപരമായി പ്രതികരിക്കുന്ന, വിവിധ വിഷയങ്ങൾ ഭംഗിയായി പഠിച്ച് ബന്ധപ്പെട്ടവർക്ക് പകർന്നുകൊടുക്കുന്ന, എടുക്കുന്ന തീരുമാനങ്ങൾ കഴിയുന്നതും വേഗം നടപ്പാക്കുന്ന ഒന്നാന്തരം "മിഷനറിയായി, പാസ്റ്ററൽ കൗൺസിൽ അംഗമായി താൻ പരിണമിക്കും എന്ന് തീരുമാനിക്കാൻ നമുക്കോരോരുത്തർക്കും കഴിയട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് നിങ്ങളുടെ അനുവാദത്തോടെ രൂപതയുടെ 5-ാം പാസ്റ്ററൽ കൗൺസിൽ ഞാൻ ഉദ്ഘാടനം ചെയ്യുന്നു.

# പാസ്റ്ററൽ കൗൺസിൽ

## 5-ാം പാസ്റ്ററൽ കൗൺസിൽ 1-ാം സമ്മേളന റിപ്പോർട്ട്

രാമനാഥപുരം രൂപത 5-ാം പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടന സമ്മേളനം 2020 മാർച്ച് മാസം 14-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്കുശേഷം 2 മണിക്ക് സാൻതോം പാസ്റ്ററൽ സെന്റർ ചാപ്പലിൽ രൂപതാ കരിസ്മാറ്റിക് മൂവ്മെന്റ് ഡയറക്ടർ റോജോ പുരയിടത്തിൽ OFM Conv. അച്ചന്റെയും ടീം അംഗങ്ങളുടെയും പ്രാർത്ഥനാ ശുശ്രൂഷയോടെ ആരംഭിച്ചു. അംഗങ്ങളുടെ സത്യപ്രതിജ്ഞയ്ക്കുശേഷം രൂപതാദ്ധ്യക്ഷൻ മാർ പോൾ ആലപ്പാട്ടിന്റെ അദ്ധ്യക്ഷതയിൽ സാന്തോം പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ 1-ാം സമ്മേളനം ആരംഭിച്ചു. പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറി ഫാ. തോമസ് കാവുങ്കൽ സ്വാഗതം ആശംസിക്കുകയും, 4-ാം പാസ്റ്ററൽ കൗൺസിൽ അവസാന സമ്മേളന റിപ്പോർട്ട് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അവതരിപ്പിക്കുകയും ചെയ്തു. 5-ാം പാസ്റ്ററൽ കൗൺസിലിലെ പുതിയ അംഗങ്ങൾ രൂപതയിലും സഭയിലും പ്രതിനിധാനം ചെയ്യുന്ന ബന്ധപ്പെട്ട വേദികളിലും അവർ എപ്രകാരമായിരിക്കണമെന്നും അവരുടെ ദൈവദത്തമായ ദൗത്യം അവർ എങ്ങനെ നിർവ്വഹിക്കണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ പിതാവ് വ്യക്തമാക്കി.

അതിനുശേഷം പാലക്കാട് രൂപതയുടെ നിയുക്ത സഹായമെത്രാൻ മോൺ. പീറ്റർ കൊച്ചുപുരയ്ക്കലിന് പാസ്റ്ററൽ കൗൺസിൽ സ്വീകരണം നല്കി. രൂപതാ ചാൻസലർ ഫാ. തോമസ് കാവുങ്കൽ പീറ്റർ പിതാവിന് സ്വാഗതം ആശംസിക്കുകയും സദസ്സിന് പരിചയപ്പെടുത്തുകയും ചെയ്തു. അഭിവന്ദ്യ പോൾ പിതാവ് പൂക്കൾ നൽകി സ്വീകരിക്കുകയും ആശംസകൾ നേരുകയും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ടി.കെ. സിറിയക് അദ്ദേഹത്തെ പൊന്നാട അണിയിക്കുകയും ചെയ്തു. രാമനാഥപുരം രൂപത നല്കിയ സ്നേഹാദരങ്ങൾക്ക് പീറ്റർ പിതാവ് നന്ദി രേഖപ്പെടുത്തുകയും, ഏപ്രിൽ 14ന് പാലക്കാട് വച്ച് നടത്തപ്പെടുന്ന തന്റെ മെത്രാഭിഷേകത്തിലേയ്ക്ക് പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ പ്രത്യേകം ക്ഷണിക്കുകയും ചെയ്തു.

തുടർന്ന്, 2020-23 വർഷത്തേയ്ക്കുള്ള 5-ാം പാസ്റ്ററൽ കൗൺസിലിന്റെ ഭാരവാഹികളെ തിരഞ്ഞെടുത്തു. സെക്രട്ടറിയായി ശ്രീ. ടി.കെ. സിറിയക് ചൂരവടിയും, ജോയിന്റ് സെക്രട്ടറിയായി ഡോ. ലൗലി ദിവ്യാമോനും, അജണ്ഡാ കമ്മിറ്റി അംഗങ്ങളായി ഫാ. ജോസ് പോൾ സി.എം.ഐ., സി. ക്രിസ്റ്റി സി.എം.സി., ശ്രീ. എം.എ. ജെയിംസ്, ശ്രീമതി എ.ജെ. ഗീത, ശ്രീ. അശ്വിൻ മൈക്കിൾ എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.

താഴെപറയുന്ന കാര്യങ്ങൾ അഭിവന്ദ്യ പിതാവ് പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ അറിയിച്ചു:

a. രൂപതയിൽ ശുശ്രൂഷ പൂർത്തിയാക്കി തിരിച്ചുപോയ വൈദികരെ (ബഹു. അഭിലാഷ് വടക്കെയോലിക്കൽ എസ്.ഡി.വി., ഷിന്റോ പാറയിൽ, സിജു പുത്തൻപുരയിൽ, ഡിനു മാടമ്പി സി.എം.ഐ., ജെയ്സൺ ഇഞ്ചത്താനത്ത് സി.എസ്.ടി., ടിൻസൺ തേനിങ്ങൽ വി.സി., ഷിബിൻ വണ്ടനാമറ്റത്തിൽ സി.എം.ഐ., ജോർജ്ജ് മഠത്തിക്കണ്ടത്തിൽ എം.എസ്.ജെ.) യോഗം നന്ദിപൂർവ്വം സ്മരിച്ചു.

b. രൂപതയിൽ പുതുതായി ശുശ്രൂഷക്കായി കടന്നുവന്നിട്ടുള്ള വൈദികർക്ക് (ബഹു. ആന്റണി മേച്ചേരിപ്പടി (പൂമാർക്കാറ്റ് & വടവളളി), റോയ് കോട്ടപ്പുറം എസ്.ഡി.വി. (ഉഡുമൽപ്പേട്ട്), ഷാജൻ ചീരമ്പൻ (ട്രിച്ചി), നിഥിൻ പാലക്കാട് (കാരമടൈ), ഷിന്റോ തൊമ്പിയിൽ എസ്.ഡി.വി. (രാമനാഥപുരം) ജോയ്സ് റാത്തപ്പിള്ളിൽ സി.എസ്.ടി. (രാമനാഥപുരം + സെക്രട്ടറി), കിരൺ അറങ്ങാശ്ശേരി സി.എം.ഐ. (തിരുപ്പൂർ), തോമസ് കൊല്ലാറേട്ട് എം.സി.ബി.എസ്. (ഈറോഡ്), ആൽഫിൻ മണവാളൻ വി.സി. (ഗാന്ധിപുരം) സ്വാഗതം ആശംസിച്ചു.

c. രൂപതയുടെ ദശവത്സരാചരണത്തോടനുബന്ധിച്ചുള്ള പരിപാടികളുടെ വിശദാംശങ്ങൾ 2020 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ബുള്ളറ്റിനിൽ (സാൻതോം വോയ്സ്) കൊടുത്തിട്ടുണ്ട്. എല്ലാവരും പരമാവധി സഹകരിക്കണം. ഹൗസിങ്ങ് പ്രോജക്ട് സ്പോൺസർ ചെയ്യാൻ പറ്റുന്നവർ മുഴുവനായോ (പുതിയ വീടിന് 5 ലക്ഷം, നിലവിലുള്ള വീടിന്റെ റിപ്പയറിങ്ങിന് 50,000 രൂപ) ഭാഗികമായോ അപ്രകാരം ചെയ്യുക.

d. ദശവത്സരാചരണത്തോടനുബന്ധിച്ച്, കുടുംബങ്ങളിലേയ്ക്കും സന്യാസസമൂഹങ്ങളിലേയ്ക്കും വൈദികർക്കും രൂപതാദ്ധ്യക്ഷൻ കൊടുത്തുവിട്ടിട്ടുള്ള വ്യക്തിപരമായ കത്തിനുള്ള മറുപടി വളരെ ഔദാര്യത്തോടെ കഴിയുന്നതും വേഗം (01.04.2020ന് മുമ്പെങ്കിലും) തിരിച്ചുതരണം.

e. <u>കൊറോണ വൈറസിനോടുള്ള പ്രതിരോധം</u>

ലോകത്തെ മൊത്തം ബാധിച്ചിരിക്കുന്ന വലിയ വിപത്തായ കോവിഡ് - 19 (കൊറോണ വൈറസ്) പ്രതിരോധിക്കാൻ ഗവൺമെന്റ് നിർദ്ദേശങ്ങൾക്കനുസൃതം മുൻ കരുതലുകൾ (സാമൂഹ്യ അകലം ഉൾപ്പെടെ) സ്വീകരിക്കണം, കഴിയുന്നിടത്തോളം യാത്രകളും ഒന്നിച്ചുകൂടലും അവസാനിപ്പിക്കണം. സ്പർശനം, ജനസമ്പർക്കം എന്നിവയും ഒഴിവാക്കണം. വിവിധ രാജ്യങ്ങളിൽ രോഗം ബാധിച്ചിട്ടുള്ള എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കണം. അവരെ ശുശ്രൂഷിക്കുന്ന ഡോക്ടർമാർക്കും നേഴ്സുമാർക്കും വേണ്ടി പ്രാർത്ഥിക്കണം, അവരെ പ്രോത്സാഹിപ്പിക്കണം

f. <u>വൈദിക വിശുദ്ധീകരണ ദിനം</u>

വലിയ ആഴ്ചയിലെ വൈദിക വിശുദ്ധീകരണദിനം ഈ വർഷം

*"ഇപ്പോൾ ധൈര്യമായിരിക്കണമെന്ന് നിങ്ങളോടു ഞാൻ ഉപദേശിക്കുന്നു. കപ്പൽ തകർന്നുപോകുമെന്നല്ലാതെ നിങ്ങൾക്കാർക്കും ജീവഹാനി സംഭവിക്കുകയില്ല. എന്തെന്നാൽ, ഞാൻ ആരാധിക്കുന്നവനും എന്റെ ഉടയവനുമായ ദൈവത്തിന്റെ ഒരു ദൂതൻ ഇക്കഴിഞ്ഞ രാത്രി എനിക്കു പ്രത്യക്ഷപ്പെട്ടു പറഞ്ഞു: പൗലോസ്, നീ ഭയപ്പെടേണ്ട, സീസറിന്റെ മുമ്പിൽ നീ നില്ക്കുകതന്നെ ചെയ്യും. നിന്നോടൊപ്പം യാത്ര ചെയ്യുന്നരെയും ദൈവം നിനക്കു വിട്ടു തന്നിരിക്കുന്നു. അതിനാൽ, ജനങ്ങളേ, നിങ്ങൾ ധൈര്യമായിരിക്കുവിൻ. എന്നോടു പറഞ്ഞതെല്ലാം അതുപോലെ സംഭവിക്കും എന്ന് എന്റെ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു"* (27,22-25).

വലിയ കൊടുങ്കാറ്റിൽപെട്ട് ആടിയുലഞ്ഞപ്പോൾ കപ്പൽയാത്രക്കാർ ചരക്കുകളും കപ്പൽപായ്കളും കടലിൽ വലിച്ചെറിഞ്ഞ് യാത്ര സുരക്ഷിതമാക്കാൻ ശ്രമിച്ചു. മാത്രമല്ല, സൂര്യനോ നക്ഷത്രങ്ങളോ പ്രത്യക്ഷപ്പെടാതെ ദിവസങ്ങളായി അന്ധകാരത്തിൽ ആശയറ്റു നീങ്ങിയ കപ്പൽയാത്രക്കാരെ പൗലോസ്ശ്ലീഹാ ധൈര്യമായിരിക്കണമെന്ന് ഉപദേശിക്കുകയും കപ്പൽ തകർന്നുപോയാലും അവർക്കാർക്കും ജീവഹാനി സംഭവിക്കുകയില്ല എന്ന് ഉറപ്പുകൊടുക്കുകയും ചെയ്തു. ഇപ്രകാരം അവരെ ധൈര്യപ്പെടുത്തുവാൻ പൗലോസിനു കഴിഞ്ഞത് പൗലോസിനുണ്ടായ ഒരു ദൈവാനുഭവത്തിന്റെ ഫലമായിട്ടാണ്: "ദൈവത്തിന്റെ ദൂതൻ പൗലോസിനു പ്രത്യക്ഷപ്പെട്ട് ഇപ്രകാരം പറഞ്ഞു: "പൗലോസ് നീ ഭയപ്പെടേണ്ട. സീസറിന്റെ മുമ്പിൽ നീ നില്ക്കുകതന്നെ ചെയ്യും. നിന്നോടൊപ്പം യാത്ര ചെയ്യുന്നവരെയും ദൈവം നിനക്കു വിട്ടുതന്നിരിക്കുന്നു" (ശ്ലീഹ 27,23-24). തന്റെ ഈ ദൈവാനുഭവം അവരുമായി പങ്കുവച്ചുകൊണ്ടാണ് പൗലോസ് അവരെ ധൈര്യപ്പെടുത്തിയത്. "അതിനാൽ ജനങ്ങളേ നിങ്ങൾ ധൈര്യമായിരിക്കുവിൻ. എന്നോടു പറഞ്ഞതെല്ലാം അതുപോലെ സംഭവിക്കും എന്ന്

എന്റെ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു" (ശ്ലീഹ 27,25) എന്നും പൗലോസ് കൂട്ടിച്ചേർക്കുന്നുണ്ട്. അതോടൊപ്പം നാവികർ കപ്പലിൽനിന്നു രക്ഷപെടാൻ ആലോചിച്ചപ്പോൾ പൗലോസ് ശതാധിപനോടും ഭടന്മാരോടുമായി പറഞ്ഞു: "ഈയാളുകൾ കപ്പലിൽത്തന്നെ നിന്നില്ലെങ്കിൽ ആർക്കും രക്ഷപെടാൻ സാധിക്കുകയില്ല" (ശ്ലീഹ 27,31). സഭാകൂട്ടായ്മയെവിട്ട് ഒരു വിശ്വാസമോ ജീവിതമോ ഉണ്ടാവരുത് എന്നതിന്റെ ഒരു സൂചനയാണിത്. പൗലോസിന്റെ സഭാത്മകമായ വിശ്വാസജീവിതത്തിന്റെയും പ്രാർത്ഥനാജീവിതത്തിന്റെയും വ്യക്തമായ ഒരു ചിത്രമാണ് നാമിവിടെ കാണുന്നത്.

മറ്റു ശ്ലീഹന്മാരൊക്കെ ചരിത്രത്തിൽ ജീവിച്ചിരുന്ന ഈശോയെ കണ്ടവരും കേട്ടവരും അനുഭവിച്ചവരുമായിരുന്നെങ്കിൽ, പൗലോസ്ശ്ലീഹാ സഭയിൽ ജീവിക്കുന്ന ഈശോയെയാണ് കണ്ടതും കേട്ടതും അനുഭവിച്ചറിഞ്ഞതും (ശ്ലീഹ 9,1-9). ആ ഈശോയിൽനിന്നാണ് താൻ റോമായിലെത്തുമെന്നും തന്നോടൊപ്പമുള്ളവരെയും ദൈവം രക്ഷിക്കുമെന്നുമുള്ള ഉറപ്പു ലഭിച്ചത്. പൗലോസിന്റെ വിശ്വാസവും പ്രാർത്ഥനയുമെല്ലാം സഭാത്മകമായിരുന്നു എന്നതിന്റെ അടയാളമാണിത്. പുരോഹിതൻ സഭയുടെ മനുഷ്യനാണ്. സഭാശുശ്രൂഷയ്ക്കുവേണ്ടിയാണല്ലോ പുരോഹിതൻ അഭിഷേകം ചെയ്യപ്പെടുന്നത്. ശുശ്രൂഷാപൗരോഹിത്യം എന്ന പേരുതന്നെ അതാണു സൂചിപ്പിക്കുന്നത്. അതുകൊണ്ട് പുരോഹിതൻ സഭയുടെ വിശ്വാസവും പ്രാർത്ഥനയും സ്വാംശീകരിക്കുന്നവനാകണം. സഭയോടൊത്തു ചിന്തിക്കുവാനും സഭയോടൊത്തു പ്രാർത്ഥിക്കുവാനും പുരോഹിതൻ പ്രത്യേകം ശ്രദ്ധിക്കണം. അപ്രകാരം ചെയ്യുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും വേണം.

### 4. പുരോഹിതൻ: ജീവന്റെ അപ്പം പോഷണമാക്കുന്നവൻ

*"ഇതു പറഞ്ഞിട്ട്, അവൻ എല്ലാവരുടെയും മുമ്പാകെ അപ്പമെടുത്ത് ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ട് മുറിച്ച് ഭക്ഷിക്കാൻ തുടങ്ങി. അവർക്കെല്ലാം ഉന്മേഷമുണ്ടായി. അവരും ഭക്ഷണംകഴിച്ചു"* (27,35-36).

പതിനാലുദിവസമായി ഭക്ഷണം കഴിക്കാതിരുന്ന കപ്പൽയാത്രക്കാരോട് ഭക്ഷണം കഴിക്കാനും ഉത്ക്കണ്ഠാകുലരാകാതിരിക്കാനും പൗലോസ് ഉപദേശിക്കുന്നു: "പ്രഭാതമാകാറായപ്പോൾ ഭക്ഷണംകഴിക്കാൻ പൗലോസ് എല്ലാവരെയും പ്രേരിപ്പിച്ചു. അവൻ പറഞ്ഞു: നിങ്ങൾ ഉത്ക്കണ്ഠാകുലരായി ഒന്നും ഭക്ഷിക്കാതെ കഴിയാൻ തുടങ്ങിയിട്ട് പതിനാലു ദിവസമായല്ലോ. അതിനാൽ വല്ലതും ഭക്ഷിക്കാൻ നിങ്ങളോടു ഞാൻ അഭ്യർത്ഥിക്കുന്നു. അതു നിങ്ങൾക്കു ശക്തി പകരും. നിങ്ങളിലാരുടെയും ഒരു തലമുടിപോലും നശിക്കുകയില്ല" (ശ്ലീഹ 27,33-34). അപ്രകാരം അവരെ ധൈര്യപ്പെടുത്തിയതിനുശേഷം, "അവരെല്ലാവരുടെയും മുമ്പാകെ അപ്പമെടുത്ത് ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ട് മുറിച്ചു ഭക്ഷിക്കാൻ തുടങ്ങി" (ശ്ലീഹ 27,35).

ഈ വിവരണം പരിശുദ്ധ കുർബാനയിലെ അന്തിമഭോജനാനുസ്മരണകർമ്മം നമ്മെ അനുസ്മരിപ്പിക്കുന്നു. സഭയിലെ കുർബാനയർപ്പണത്തിന്റെ ഓർമ്മയും അത് നമ്മിൽ ഉണർത്തുന്നു. തീർച്ചയായും പൗലോസ്ശ്ലീഹാ കുർബാനയാകുന്ന അപ്പം മുറിക്കൽശുശ്രൂഷ ഇവിടെ നടത്തി എന്നു വിചാരിക്കാൻ ന്യായമില്ല. പക്ഷേ അതേത്തുടർന്ന് കപ്പലിലുണ്ടായിരുന്നവർക്കെല്ലാം ഉന്മേഷമുണ്ടായി. അവരും ഭക്ഷണം കഴിച്ചു (ശ്ലീഹ 27,36).

ഇതെല്ലാം സൂചിപ്പിക്കുന്നത് ജീവന്റെ അപ്പം എന്ന് യോഹന്നാൻ സുവിശേഷകൻ വിശേഷിപ്പിക്കുന്ന കുർബാനയർപ്പണത്തിന് മനുഷ്യജീവിതത്തിലുള്ള പ്രാധാന്യമാണ്. പരിശുദ്ധ കുർബാനയെ ഈശോ വിശേഷിപ്പിക്കുന്നത് 'ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ ശരീരമാണ്' (യോഹ 6,51) എന്നാണ്. ഈശോയുടെ ശരീരരക്തങ്ങളാകുന്ന പരിശുദ്ധ കുർബാന മനുഷ്യകുലത്തിനു മുഴുവനും ജീവൻ പ്രദാനം ചെയ്യുന്ന ഭക്ഷണമാണ് എന്ന യാഥാർത്ഥ്യത്തെ ഓർമ്മിപ്പിക്കുന്ന വിധത്തിലാണ് പൗലോസ്ശ്ലീഹാ ഇവിടെ ഭക്ഷണം കഴിക്കുന്നതും കൂടെയുള്ളവരെ ഭക്ഷിക്കാൻ പ്രേരിപ്പിക്കുന്നതും. പലപ്പോഴും സ്വാഭാവികഭക്ഷണത്തോടനുബന്ധിച്ചാണ് ജീവന്റെ അപ്പമായ ഉത്ഥിതനായ മിശിഹാ സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്: "അവർ പതിനൊന്നു പേർ ഭക്ഷണത്തിനിരിക്കുമ്പോൾ അവൻ അവർക്കു പ്രത്യക്ഷപ്പെട്ടു" (മർക്കോ 16,14). യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ ഉത്ഥിതനായ മിശിഹാ ശിഷ്യർക്കു പ്രത്യക്ഷപ്പെടുകയും അവരെ ശിഷ്യത്വത്തിൽ പുനരുത്ഥരിക്കുകയും ചെയ്ത സന്ദർഭത്തിൽ അവർക്കായി അവിടുന്ന് പ്രാതലൊരുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട് (യോഹ 21,12-14). ഭക്ഷണമാണല്ലോ മനുഷ്യജീവൻ നിലനിർത്തുന്നതും വളർത്തുന്നതും. സഭ മനുഷ്യകുലത്തിന്റെ കൂദാശയാണല്ലോ. അതിനാൽ പരിശുദ്ധ കുർബാനയർപ്പണത്തിൽ കേന്ദ്രീകരിച്ച് കൂട്ടായ്മയായി പടുത്തുയർത്തപ്പെടേണ്ട സഭാസമൂഹം മനുഷ്യകുലത്തിന്റെ ജീവന് നിർണ്ണായകമാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിന്റെ ആദ്യഭാഗം വചനശുശ്രൂഷയെയും രണ്ടാം ഭാഗം കൂദാശാശുശ്രൂഷയെയും സൂചിപ്പിക്കുന്നു (യോഹ 6,35-59). കുർബാനയിലെ വചനശുശ്രൂഷയും കൂദാശാശുശ്രൂഷയും തനിക്കും സഭാംഗങ്ങൾക്കും ജീവൻ പ്രദാനം ചെയ്യുന്ന ആത്മീയപോഷണമായിതീരത്തക്കവിധം സജീവമായി അർപ്പിക്കുവാൻ പുരോഹിതൻ ശ്രദ്ധിക്കണം.

**5. പുരോഹിതൻ: വിശുദ്ധിയിൽ വളരുന്നവനും വളർത്തുന്നവനും**

*"തടവുകാർ നീന്തി രക്ഷപെടാതിരിക്കാൻ അവരെ കൊന്നുകളയാനായിരുന്നു ഭടന്മാരുടെ തീരുമാനം. പൗലോസിനെ രക്ഷിക്കണമെന്നാഗ്രഹിച്ച ശതാധിപൻ ആ ഉദ്യമത്തിൽനിന്ന് അവരെ തടഞ്ഞു. നീന്തൽ വശമുള്ളവരെല്ലാം ആദ്യം കപ്പലിൽനിന്ന് ചാടിയും മറ്റുള്ളവർ പലകകളിലോ കപ്പലിന്റെ കഷണങ്ങളിലോ പിടിച്ചും നീന്തി കരപറ്റാൻ അവൻ ആജ്ഞാപിച്ചു.*

*അങ്ങനെ എല്ലാവരും സുരക്ഷിതരായി കരയിലെത്തി*" (27,42-44).

തടവുകാരെ കൊന്നുകളയുവാൻ ഭടന്മാർ തീരുമാനിച്ചപ്പോൾ പൗലോസിനെ രക്ഷിക്കണമെന്ന് ആഗ്രഹിച്ച ശതാധിപൻ എല്ലാവരും ഏതെങ്കിലുംവിധത്തിൽ രക്ഷപെടാൻ ആജ്ഞാപിച്ചു. അങ്ങനെ എല്ലാവരും സുരക്ഷിതരായി കരയിലെത്തി. കപ്പൽ നശിക്കുകയും കപ്പൽയാത്രക്കാർ രക്ഷപെടുകയും ചെയ്തു. മനുഷ്യജീവിതവും ക്രിസ്തീയജീവിതവും സഭാജീവിതവുമെല്ലാം സ്വർഗ്ഗോന്മുഖമായ യാത്രയാണല്ലോ. ഇഹലോകജീവിതമാകുന്ന കപ്പൽ നശിച്ചുപോകും. പക്ഷേ കപ്പലിൽ യാത്ര ചെയ്യുന്നവർ രക്ഷിക്കപ്പെടേണ്ടവരാണ്. രക്ഷ ഉണ്ടാകണമെങ്കിൽ ഈ കപ്പൽയാത്രയുടെ ലക്ഷ്യമാകുന്ന വിശുദ്ധിയെ മുന്നിൽകണ്ടുകൊണ്ട് യാത്ര ചെയ്യേണ്ടിയിരിക്കുന്നു. എല്ലാ മനുഷ്യരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണ്. വിശുദ്ധിയിലേക്കു വിളിക്കപ്പെട്ട മനുഷ്യകുലത്തിന് പ്രകാശമായിത്തീരുവാൻ വിളിക്കപ്പെട്ടവരുടെ സമൂഹമാണ് സഭ. 'ജനതകളുടെ പ്രകാശം' എന്നാണല്ലോ സഭയെ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖ വിശേഷിപ്പിക്കുന്നത്. അതുകൊണ്ട് സഭയിൽ എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു എന്ന് സഭയെപ്പറ്റിയുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ എടുത്തുപറഞ്ഞിരിക്കുന്നു (LG അദ്ധ്യായം 5).

സ്വർഗ്ഗീയതുറമുഖത്തേക്കു യാത്ര ചെയ്യുന്ന സഭയാകുന്ന കപ്പലിനെ സുരക്ഷിതമായി വിശുദ്ധിയിൽ നയിക്കുവാൻ പ്രത്യേകം നിയോഗിക്കപ്പെട്ടവനാണ് പുരോഹിതൻ. പൗലോസ്ശ്ലീഹായും കൂട്ടരും യാത്ര ചെയ്ത കപ്പൽ വലിയ കൊടുങ്കാറ്റിൽപെട്ട് ആടിയുലഞ്ഞപ്പോൾ ചരക്കുകളും കപ്പൽപായ്കളും കടലിൽ വലിച്ചെറിഞ്ഞു (ശ്ലീഹാ 27,18-19). അതുപോലെ ഈ യാത്രയിൽ ലക്ഷ്യത്തിലെത്തിച്ചേരുവാൻ തടസ്സമായി നില്ക്കുന്നതെല്ലാം, വിശുദ്ധിയ്ക്കു ചേരാത്തവയെല്ലാം, ഉപേക്ഷിക്കുവാനും വിശുദ്ധി പ്രാപിക്കുവാൻ സഹായകരമായ എല്ലാ ഉപാധികളും ഉപയോഗിച്ച് യാത്ര സുഗമമാക്കുവാനും സഭാംഗങ്ങളെല്ലാം ശ്രദ്ധിക്കേണ്ടതുണ്ട്. വിശുദ്ധിയെ പരിപോഷിപ്പിക്കുന്ന വിശ്വാസജീവിതവും കൂദാശാജീവിതവും പ്രാർത്ഥനാജീവിതവും നയിക്കുവാൻ സഭാംഗങ്ങളെല്ലാവരും ശ്രമിക്കണം. അപ്രകാരം ജീവിക്കുവാൻ പുരോഹിതൻ പരിശ്രമിക്കുകയും തന്റെ ശുശ്രൂഷയ്ക്കു ഭരമേല്പിക്കപ്പെട്ട വിശ്വാസികളെ അതിനായി സഹായിക്കുകയും ചെയ്യണം. പൗലോസ്ശ്ലീഹാ കപ്പൽയാത്രക്കാരെ ഒന്നിപ്പിച്ച്, പ്രോത്സാഹിപ്പിച്ചു കൊണ്ടുപോയതുപോലെ സഭാകൂട്ടായ്മയിലുള്ള എല്ലാവരെയും അവരുടെ ജീവിതപ്രതിസന്ധികളിൽ ധൈര്യപ്പെടുത്തുകയും മുന്നോട്ടു പോകുവാൻ പ്രോത്സാഹിപ്പിക്കുകയും വിശുദ്ധിയാകുന്ന ലക്ഷ്യത്തിൽ എത്തിച്ചേരുവാനാവശ്യമായ ശുശ്രൂഷ നല്കുവാൻ നിരന്തരമായി ശ്രദ്ധിക്കുകയും വേണം.

**ജീവിതസൂചിക**

1. പൗരോഹിത്യകൂട്ടായ്മയും സഭാകൂട്ടായ്മയും നിലനിർത്തുന്ന

തിനും വളർത്തുന്നതിനും ഞാൻ എങ്ങനെയെല്ലാം ശ്രമിക്കുന്നു?

2. ആത്മീയജീവിതത്തിലും അജപാലനശുശ്രൂഷയിലും വിശ്വാസ ത്താൽ നയിക്കപ്പെടുന്നതിനും ആത്മീയനിയന്ത്രണം തേടുന്ന തിനും ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
3. സഭയോടൊത്തു ചിന്തിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അപ്ര കാരം ജനങ്ങളെ പരിശീലിപ്പിക്കുന്നതിനും ഞാൻ പരിശ്രമിക്കു ന്നുണ്ടോ?
4. ജീവന്റെ അപ്പമായ പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ഒരു കൂട്ടായ്മയായി സഭയെ കെട്ടിപ്പടുക്കുവാൻ ഞാൻ എപ്രകാരം പരി ശ്രമിക്കുന്നു?
5. സഭാജീവിതലക്ഷ്യമായ വിശുദ്ധിയിൽ വളരാനും സഭാംഗങ്ങളെ വിശുദ്ധിയിൽ വളർത്താനും ഞാൻ ശ്രമിക്കുന്നുണ്ടോ?

# കുടുംബകൂട്ടായ്മകൾക്കുള്ള പഠനവിഷയം

**കുരിശുമരണവും രക്ഷാകരസന്ദേശങ്ങളും**

ഇസ്രായേൽ ഭവനങ്ങളിൽ ബലിമൃഗങ്ങൾ നിലവിളിച്ചു പിടഞ്ഞുവീണ പെസഹായുടെ ഒരുക്ക സായാഹ്നത്തിൽ കാൽവരി കുരിശിൽ ദൈവ ത്തിന്റെ കുഞ്ഞാടു മരണവേദനയിൽ പിടയുകയായിരുന്നു, ബലിമൃഗ ങ്ങളറിഞ്ഞില്ല... അവയുടെ വേദനയുടെ കാരണവും ലക്ഷ്യവും. പക്ഷേ ദൈവത്തിന്റെ കുഞ്ഞാടിന് തന്റെ സഹനത്തിന്റെ അർത്ഥം അറിയാമായിരുന്നു. എന്തിനുവേണ്ടി സഹിക്കണമെന്ന് അറിയാവുന്ന വന് എങ്ങനെ സഹിക്കണമെന്നറിയാം. കാൽവരിയിലെ കുരിശ് ഭക്തർക്കു മാത്രമല്ല ലോകത്തിലെ സമസ്ത ചിന്തകർക്കും പ്രഹേളിക യാകാൻ കാരണം ദൈവത്തെക്കുറിച്ചുള്ള മനുഷ്യന്റെ സ്വാഭാവിക സങ്കല്പങ്ങളെല്ലാം വഴി മാറുന്ന മലയാണ് കാൽവരി.

**പശ്ചാത്തലം :** കുരിശിൽ തൂക്കിക്കൊല്ലുന്ന ശിക്ഷാരീതി പൗരസ്ത്യ രുടെ ഇടയിലാണ് ആരംഭിച്ചത്. ഫിനീഷ്യക്കാരിൽ നിന്നും കാർത്തേ ജുകാരിൽ നിന്നുമാണ് റോമക്കാർ ഈ ശിക്ഷാരീതി സ്വന്തമാക്കിയത്. കാലക്രമത്തിൽ റോമൻ ശിക്ഷാനിയമമനുസരിച്ച് മരണശിക്ഷ നടപ്പി ലാക്കാനുള്ള മാർഗ്ഗമായി ഇത് മാറി. അടിമകളും കള്ളന്മാരും കൊല പാതകികളും രാജ്യദ്രോഹികളുമാണ് സാധാരണയായി കുരിശുമരണ ത്തിന് വിധിക്കപ്പെട്ടിരുന്നത്. റോമൻ പൗരന്മാരെ സാധാരണ ഗതി യിൽ കുരിശുമരണത്തിന് വിധിക്കാറില്ല. കുരിശുമരണത്തിന് വിധിക്ക പ്പെടുന്നവരെ ക്രൂരമായ ചമ്മട്ടിയടിക്ക് വിധേയരാക്കിയിരുന്നു. ഭീകര മായ പീഢകൾക്കുശേഷം മൃതപ്രായരായിരുന്ന കുറ്റവാളികൾ കുരിശ് തങ്ങളുടെ ചുമലിലേറ്റിക്കൊണ്ടാണ് വാധസ്ഥലത്തേക്ക് നയിക്കപ്പെട്ടി രുന്നത്. കുരിശുയാത്രയിൽ കുറ്റവാളി തന്റെ കുറ്റപത്രം കഴുത്തിൽ തൂക്കിയിടണമെന്ന് നിയമമുണ്ടായിരുന്നു. വാധസ്ഥലത്ത് വച്ച് കുറ്റവാ

ളിയെ നഗ്നനാക്കിയശേഷം കുരിശിൽ തറയ്ക്കുകയോ കെട്ടിവയ്ക്കുകയോ ചെയ്യുന്ന പതിവാണ് ഉണ്ടായിരുന്നത്. യഹൂദർ ജീവനുള്ള മനുഷ്യരെ മരത്തിൽ തൂക്കിക്കൊല്ലാറില്ല. എന്നാൽ മൃതശരീരങ്ങൾ പരസ്യപമാനത്തിനായി കെട്ടിതൂക്കിയിടുന്ന പതിവുണ്ടായിരുന്നു. (സംഖ്യ 25:4) ഇപ്രകാരം കെട്ടിതൂക്കപ്പെടുന്നവർ ദൈവത്തിന്റെ ശാപം ഏറ്റവരാണെന്ന് യഹൂദർ വിശ്വസിച്ചിരുന്നു. തന്മൂലം കുരിശുമരണം യഹൂദരെ സംബന്ധിച്ചിടത്തോളം അപമാനകരമായിരുന്നു (1 കൊറി 1:23, ഗല 3:13).

**കുരിശുമരണവും രക്ഷാകരസന്ദേശങ്ങളും :** ഈ മാസത്തിലെ നമ്മുടെ പഠനവിഷയം കുരിശുമരണത്തിലൂടെ വിടരുന്ന ചില രക്ഷാകരസന്ദേശങ്ങളാകട്ടെ. യേശു കുരിശിലേറിയാണ് മരിച്ചതെന്ന് നാലു സുവിശേഷങ്ങളും സാക്ഷ്യപ്പെടുത്തുന്നു. ഈ കൂരിശുമരണത്തിലൂടെ നാം മനസ്സിലാക്കേണ്ട 3 സന്ദേശങ്ങൾ നമുക്ക് പഠിക്കാം.

**1. സഹനങ്ങളിലെ ഒറ്റപ്പെടൽ**

നാം നമ്മുടെ സാധാരണ ജീവിതം പരിശോധിക്കുമ്പോൾ തന്നെ ഒറ്റപ്പെടുത്തലിന്റെ ധാരാളം നിമിഷങ്ങൾ കാണാം. പരീക്ഷകൾക്ക് ഒരൽപ്പം മാർക്ക് കുറഞ്ഞുപോയാൽ, ഒപ്പം പഠിച്ചവർക്കെല്ലാം ജോലി കിട്ടിയാൽ, ഉണ്ടായിരുന്ന ജോലി നഷ്ടപ്പെട്ടാൽ, ആരോഗ്യനില മോശമായാൽ, ഉറ്റവരുടെ മരണം... എന്നിങ്ങനെ ജീവിതത്തിന്റെ സഹനത്തിന്റെ മേഖലകളും ഒറ്റപ്പെടലുകളും നമുക്ക് കാണുവാൻ സാധിക്കും. എന്നാൽ ഗത്സെമനിയുടെ പരുപരുത്ത പാറപ്പുറം തീർക്കുന്ന ഊഷരതയും പ്രിയശിഷ്യരുടെ ഗാഢനിദ്ര സമ്മാനിച്ച ഏകാന്തതയും അലോസരപ്പെടുത്തിയ ആ രാത്രിയിൽ പ്രതീക്ഷിച്ച ഉത്തരത്തിന് പിതാവ് പോലും പുറം തിരിഞ്ഞു നിന്നപ്പോൾ പുത്രന്റെ കണ്ണീരും വിയർപ്പും രക്തകണങ്ങളായി... "ഒപ്പം നിൽക്കാൻ ആരുമില്ലെന്ന തിരിച്ചറിവാണ് സഹനം പൂർണ്ണമാക്കുന്നത്. സഹനങ്ങളിലെ ഒറ്റപ്പെടലിൽ ആരോടും പരിഭവിക്കുന്നതിലർത്ഥമില്ലെന്ന് മൂന്നാംവട്ടവും ഉറങ്ങുന്ന ശിഷ്യന്മാരെ കരുണയോടെ നോക്കുന്ന കർത്താവ് നമ്മെ ഓർമ്മിപ്പിക്കുന്നു. കൂടെ ചിരിക്കാം, പക്ഷേ കൂടെ കരയുവാനെളുപ്പമല്ല. മഹത്വത്തിൽ തിക്കിത്തിരക്കി ഒപ്പം നിൽക്കുന്നവർ സഹനത്തിൽ ഒറ്റപ്പെടുത്തുന്നു. അതിൽ പതറാത്തവൻ സഹനത്തെ രക്ഷാമാർഗ്ഗമാക്കുന്നു.

**2. എല്ലാവർക്കും ഒരുപോലെയാണ്**

ദൈവപുത്രനും സഹിക്കേണ്ടിവരും. സഹനം ശാപവും ശിക്ഷയുമല്ല എന്ന തിരിച്ചറിവുതന്നെ സഹനത്തെ ലഘുതരമാക്കുന്നു. സമ്പന്നനും ദരിദ്രനും സഹനവും സന്തോഷവും വ്യത്യസ്ത രീതികളിലായിരിക്കാം. എന്നാൽ ഇരുവരുടെയും ജീവിതത്തിൽ സഹനവും സന്തോഷവും ഉണ്ട്. 10 കോടിയുടെ ബിസിനസ്സിൽ 8 കോടി നഷ്ടം ഉണ്ടായാൽ അവനെ സംബന്ധിച്ചടത്തോളം സഹനമായിരിക്കാം. എന്നാൽ ദരിദ്രനെ സംബന്ധിച്ചിടത്തോളം കയ്യിൽ ഉള്ള 10 രൂപയിൽ നിന്ന് 8

രൂപ കാണാതെ ആയാലും അവന് സഹനം തന്നെയാണ്. എന്നാൽ ഇരുവർക്കും അവരുടേതായ രീതിയിൽ സഹിക്കേണ്ടിവരുന്നുവെന്ന് മാത്രം. സഹനം ദൈവപുത്രനും മനുഷ്യരുടേത് പോലെയായിരുന്നു. പ്രലോഭനങ്ങളും നമ്മുടേത് പോലെ തന്നെയായിരുന്നു. ക്രിസ്തുവിനും എന്നാൽ നാം എങ്ങനെ അവയെ കാണുന്നു എന്നതിനനുസരിച്ച് അവ മാറിക്കൊണ്ടിരിക്കും എന്നുമാത്രം. ദൈവപുത്രൻ സഹനങ്ങളെ സന്തോഷത്തോടെ ഏറ്റെടുത്തു. അതുപോലെ നമുക്കും സഹനങ്ങളെ സന്തോഷത്തോടെ ഏറ്റെടുക്കാം.

**3. ഉത്തരം തരാത്ത ദൈവവും യഥാർത്ഥ ദൈവമാണ്**

കുരിശിൽ പിടയുന്ന ക്രിസ്തു ഏലി...ഏലി.. (എന്റെ ദൈവമേ... എന്റെ ദൈവമേ...) എന്ന് വിളിച്ചപ്പോൾ കുരിശിൻ ചുവട്ടിലുണ്ടായിരുന്നവർ പരിഹസിച്ചു. ഇതാ അവൻ ഏലിയായെ വിളിക്കുന്നു. ഏലിയായുടെ ദൈവത്തെ എല്ലാവർക്കും ഇഷ്ടമാണ്. പ്രാർത്ഥിച്ചാൽ തൽക്ഷണം ഉത്തരം കൊടുത്തുകൊണ്ട് ഏലിയായുടെ ശത്രുക്കളെ ഒന്നാകെ വകവരുത്തി കാർമ്മൽ മലയിൽ ഏലിയായുടെ ദൈവം ശക്തിപ്രകടിപ്പിച്ചു (1 രാജ 18). തന്റെ ആവശ്യങ്ങളുടെ നടത്തിപ്പുക്കാരനായി കാണുവാനായിട്ടാണ് നമുക്ക് ഇഷ്ടം. എന്നാൽ യേശുവിന്റെ കുരിശ് നമ്മെ പഠിപ്പിക്കുന്നു. ഉത്തരം തരാത്ത ദൈവവും യഥാർത്ഥ ദൈവമാണ്. ദൈവത്തിന് ദൈവത്തിന്റേതായ ഉത്തരമുണ്ട്. അത് നൽകുവാൻ ദൈവികമായ സമയവും ഉണ്ട്. അതാണല്ലോ നാം ഈസ്റ്ററിൽ കാണുന്നത്. ജീവിതത്തിൽ സഹനങ്ങളെ അങ്ങനെ കാണുവാൻ നമുക്ക് സാധിക്കട്ടെ.

'നീ ചെയ്യുന്നതെല്ലാം നീ തന്നെ അനുഭവിക്കും' എന്ന മുഴക്കുന്ന ശാപവചനങ്ങൾക്ക് മറുപടിയായി നിനക്കുവേണ്ടി ഞാൻ സഹിച്ചുകൊള്ളാമെന്ന് പറഞ്ഞ് ക്രിസ്തു കടന്നുവരുന്നു. നമ്മുടെ എല്ലാ വേദനകൾക്കും പിറകിൽ ക്രിസ്തുവിന്റെ ആശ്വാസസാന്നിധ്യമുണ്ടെന്ന തിരിച്ചറിവോടെ സന്തോഷത്തോടെ, ക്ഷമയോടെ നമുക്ക് സഹനങ്ങളെ സ്വീകരിക്കാം. അപരനോടുള്ള സ്നേഹം പ്രകടിപ്പിക്കാനായി ഞാൻ സഹിക്കുമ്പോൾ എന്റെ സഹനം സമർപ്പണവും അപരന് രക്ഷയുമായി മാറുമെന്ന് ഉറച്ച് വിശ്വസിക്കാം. ക്രിസ്തുവിന്റെ സഹനാനുഭവങ്ങൾ സ്വന്തമാക്കുവാൻ നമുക്ക് പരിശ്രമിക്കാം, പ്രാർത്ഥിക്കാം, പ്രയത്നിക്കാം.

**ചോദ്യങ്ങൾ**

1. കുരിശുമരണം നമുക്ക് നൽകുന്ന സന്ദേശങ്ങൾ എന്തെല്ലാം?
2. വ്യക്തിപരമായ ജീവിതത്തിൽ സഹനങ്ങളെ എങ്ങനെ രക്ഷാകരമാക്കുവാൻ സാധിക്കും?

**ഫാ ഡെറിൻ പള്ളിക്കുന്നത്ത്**
ഡയറക്ടർ, രൂപതാ കുടുംബപ്രേഷിതത്വ വകുപ്പ്



# സെമിനാരി വിശേഷം

**20-02-2020:** പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളുടെ മോഡൽ പരീക്ഷ കൾക്കുശേഷം സെമിനാരി സമൂഹം വി. എവുപ്രാസ്യാമ്മയുടെയും വി. മറിയം ത്രേസ്യയയുടെയും കബറിടം സന്ദർശിക്കുകയും മ്യൂസിയം കാണുകയും പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് മുൻ വൈസ് റെക്ടറും പ്രൊക്യുറേറ്ററുമായിരുന്ന ലിന്റോ തളിയനായത്തച്ചന്റെ അടുത്ത് ഒരുമിച്ചുകൂടി

**22-02-2020:** ഗുഡ് ന്യൂസ് സെമിനാരിയുടെ ഹോം ഡേയിൽ പങ്കെടുത്ത് സന്തോഷം പങ്കുവെച്ചു.

**24-02-2020 :** നോമ്പുകാല കർമ്മങ്ങൾക്ക് വിഭൂതി തിരുനാളോടെ ആരംഭംകുറിച്ചു. അനുദിന കുരിശിന്റെ വഴി തുടങ്ങി.

**28-02-2020 :** അഭിവന്ദ്യ പിതാവുമായുള്ള മൈനർ സെമിനാരി വിദ്യാർത്ഥികളുടെ കോൺഫറൻസ് നടന്നു.

**04-03-2020:** നോമ്പുകാല മാസധ്യാനത്തിന് പോൾ കള്ളിക്കാടനച്ചൻ നേതൃത്വം നൽകി.

**05-03-2020 :** ലോകത്തെ ബാധിച്ചിരിക്കുന്ന അണുബാധയ്ക്കെതിരെ പ്രാർത്ഥനയാരംഭിച്ചു.

**10-03-2020 :** വാർഷിക പരീക്ഷകൾ ആരംഭിച്ചു.

**13-03-2020 :** ബഹു. റിജോച്ചന്റെ ജന്മദിനം ആഘോഷിച്ചു; ആശംസക ളറിയിച്ചു.

**ഫാ. ജോയ് ചിറ്റിലപ്പിള്ളി,** റെക്ടർ



# വിശ്വാസപരിശീലനം

**ഓർമ്മിക്കാൻ**

**1. Journey of Faith 2010-2020 :** രൂപതയുടെ ദശവത്സരാഘോഷത്തിന്റെ ഭാഗമായി “Journey of faith 2010-2020” എന്നപേരിൽ ഒരു കയ്യെഴുത്ത് മാസിക നടത്തപ്പെടുന്നു. തമിഴ്, ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷക ളിൽ എഴുതാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി വിശ്വാസപരി ശീലന ഓഫീസുമായി ബന്ധപ്പെടുക.


**2. പ്രാർത്ഥനയുടെ കരങ്ങൾ :** ലോകമെമ്പാടും വ്യാപിച്ചുകൊണ്ടിരി ക്കുന്ന ‘കൊറോണ വൈറസ്’ എന്ന മഹാമാരി ഈ ലോകത്തിൽ

നിന്നും തുടച്ചു നീക്കുന്നതിനായി വിശ്വാസ പരിശീലന വിദ്യാർത്ഥികളും അദ്ധ്യാപകരും മാതാപിതാക്കളും ഒറ്റക്കെട്ടായി ദൈവസന്നിധിയിൽ കരങ്ങളുയർത്താൻ മറക്കരുതെയെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

**നന്ദിയുടെ നറുമലരുകൾ**

**പ്രധാന അദ്ധ്യാപകരുടെ മീറ്റിംഗ്**

ഈറോഡ് ഫൊറോനയിലെ പ്രധാന അദ്ധ്യാപകരുടെ മീറ്റിംഗ് ഈറോഡ് ലൂർദ്ദ്മാതാ ഫൊറോന പള്ളിയിൽ വച്ച് നടത്തുകയുണ്ടായി. ഈറോഡ് ഫൊറോനയിലെ എല്ലാ പ്രധാന അദ്ധ്യാപകർക്കും അവരെ മീറ്റിംഗിലേയ്ക്ക് പറഞ്ഞയച്ച എല്ലാ ബഹു. വികാരിയച്ചന്മാർക്കും വിശ്വാസപരിശീലന വിഭാഗത്തിന്റെ നന്ദി അറിയിക്കുന്നു. മീറ്റിംഗിനുവേണ്ട എല്ലാ സൗകര്യങ്ങളും വളരെ ഭംഗിയായി ക്രമീകരിച്ച ഈറോഡ് ഫൊറോന വികാരി റവ. ഫാ. ജോബി തെക്കിനിയേടത്തിനും, അസി. വികാരി റവ. ഫാ. ടോമിയ്ക്കും പ്രധാന അദ്ധ്യാപകരായ റവ. സി. ലീന റോസ് എഫ്.സി.സി.യ്ക്കും വിശ്വാസപരിശീലന വിഭാഗത്തിന്റെ പ്രത്യേകമായ നന്ദി അറിയിച്ചുകൊള്ളുന്നു.



| | |
|---|---|
| **സി. ആൻറോസ് SABS** | **ഫാ. ടോമി പുന്നത്താനത്ത്** |
| സെക്രട്ടറി | ഡയറക്ടർ |

# *Mater Dei* International School

The Kids from grade I to V had an opportunity to visit the Police Museum and the Fire Station at Peelamedu on 3rd March 2020. They have experienced the display of varieties of guns, knives, bombs, badges and their uniforms.

In the Fire Station at Peelamedu, they were able to see the fire service bus and the materials used for it. The person in charge explained about the safety measures on how to protect ourselves from fire. The trip was explorative and entertaining.

The kids from KG to Grade V were taken to the Ice Cream Factory they were able to see the production of ice cream every one enjoyed tasting it. It was amazing for them.

Summative Assessment III was conducted from 18th to 28th March to assess the learning outcome of the students in their academics. The school closed for summer vacation on 29th March 2020.

| | |
|---|---|
| Fr. Dearin Pallikunnath | Mrs. Treasa George |
| Correspondent | Principal |

# ജീവൻ ജ്യോതി സെന്റർ

1. അനുതാപത്തിന്റെയും കണ്ണുനീരിന്റെയും പ്രാശ്ചിത്വത്തിന്റെയും കാലമായ നോമ്പുകാലം ഫെബ്രുവരി 24ന് രാവിലെ 6.30ന് വി. ബലിയോടുകൂടെ വിഭൂതി തിരുനാൾ ആഘോഷിച്ചു. നെറ്റിയിൽ വി. കുരിശ് വരയ്ക്കുകയും അനുതാപത്തിന്റെ മാർഗ്ഗം പിൻതുടർന്ന് ജപമാല അണിയുകയും ചെയ്തു. നോമ്പിന്റെ ചൈതന്യം മനസ്സിൽ പേറികൊണ്ട് തീർത്ഥാടനത്തിനായ് 18 പേർ മാല ധരിക്കുകയും ചെയ്തു.

2. 08-03-2020ൽ ഇടവകതലത്തിൽ അൻപിയം നടത്തപ്പെട്ടു. 4 അൻപിയങ്ങളായി തിരിഞ്ഞ് ആദ്യമായി ഇടവകയിൽ മീറ്റിംഗ് നടത്തപ്പെട്ടു. ഭാരവാഹികളെ തിരഞ്ഞെടുക്കുകയും അവർക്ക് ഉത്തരവാദിത്വങ്ങൾ നൽകുകയും അവരെ വളർത്തുന്നതിന്റെ ഭാഗമായി നോമ്പുകാലത്തിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

3. ജീവൻ ജ്യോതി സെന്ററിൽ ആദ്യമായി മാതൃവേദിയുടെ മീറ്റിംഗ് റവ. ഫാ. ജിയോ കുന്നത്തുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ റവ. സി. സിസി എഫ്.സി.സി.യുടെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. ഭാരവാഹികളെ തിരഞ്ഞെടുക്കുകയും മാതൃവേദിയുടെ ആവശ്യകതയെക്കുറിച്ച് പങ്കുവയ്ക്കുകയും ചെയ്തു. മാർച്ച് 22-ാം തീയതി മാതൃദിനമായി ആചരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**ഫാ. ജിയോ കുന്നത്തുപറമ്പിൽ,** ഡയറക്ടർ

# മദർ തെരേസ പീസ് ഹോം

തിരുവുത്ഥാനത്തിന്റെ എല്ലാ സന്തോഷവും അനുഗ്രഹവും ഒത്തിരി സ്നേഹത്തോടെ പീസ് ഹോം കുടുംബം എല്ലാവർക്കും നേരുന്നു. ആത്മീയതയുടെ വസന്തകാലമായ നോമ്പുകാലത്തിൽ നിന്ന് ഉത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ, ലോകം മുഴുവനേയും സമർപ്പിച്ചു പ്രാർത്ഥിക്കാം. കൊറോണ എന്ന മഹാമരിയെ വേരോടെ പിഴുതകളയാൻ നമുക്ക് അവിടുത്തെ കരുണയിൽ ആശ്രയിക്കാം. ഒരു ഉറുമ്പിന്റെ കടിപോലും തിരിച്ചറിയാൻ കഴിയാത്ത നമ്മുടെ കുഞ്ഞുമക്കളെ എല്ലാ സാംക്രമിക രോഗങ്ങളിൽ നിന്നും പരിപാലിച്ച് ആരോഗ്യത്തോടെ കാക്കുവാൻ നമുക്ക് പ്രത്യേകം ശ്രദ്ധിക്കാം.

**ഫെബ്രുവരി മാസത്തിലെ സഹായ ഹസ്തങ്ങൾ**

| | | |
|---|---|---|
| 1. | St. Antony's Matric Hr. Sec. School, Karur | 15000/- |
| 2. | Students, St. Antony's Matric Hr. Sec. School, Karur | 355/- |
| 3. | Dr. George Zachariya, Ramanathapuram | 2000/- |
| 4. | Joseph Samuel, Tirupur | 10150/- |

| | | |
|---|---|---|
| 5. | Andavar Selvam, Tirupur | 9200/- |
| 6. | Francis Xaviour. A, Tirupur | 500/- |
| 7. | Lokanathan P., Tirupur | 101/- |
| 8. | Regina Mary, Tirupur | 1000/- |
| 9. | Poulose Padinjakara, Maramkode | 8000/- |
| 10. | Jesintha, Puklipalayam | 2000/- |
| 11. | Samuel Prem, Anuparpalayam | 2000/- |
| 12. | Mini Samuel,, Tirupur | 2000/- |
| 13. | Abraham, Andipalayam | 5000/- |
| 14. | Sinto Davis, Peelamedu | 1500/- |
| 15. | Renny Kuriakose, Singanallur | 1000/- |
| 16. | Anna Liza, Ramanathapuram | 2500/- |
| 17. | Annai Mary Nursery & Primary School, Erode | 15000/- |
| 18. | Good Shepherd Health Education Centre, Karamdai | 2000/- |
| 19. | Pramod, Tirupur | 1400/- |
| 20. | Joseph E.A., Sowripalayam | 5000/- |
| 21. | Ramakrishnan. K, Tirupur | 1000/- |
| 22. | Balan S., Tirupur | 10000/- |
| 23. | Devassy Rose, Erode | 2000/- |
| 24. | Antony Sebin, Annoor | 1500/- |
| 25. | Krishnankutty, Tirupur | 2000/- |
| 26. | Nifa Suresh, Erode | 500/- |
| 27. | Salvia Creations, Tirupur | 5000/- |
| 28. | Darthy Agnes, Mangalam | 5000/- |
| 29. | Gracemma, Tirupur | 1000/- |
| 30. | Jaya Prakash Radhakrishnan, Tirupur | 3500/- |
| 31. | John Alex, Pollachi | 1000/- |
| 32. | Magy Devassy, Pollachi | 500 |
| 33. | M.V. Baby, Valparai | 750/- |

**ഫെബ്രുവരി മാസം ശുശ്രൂഷ ചെയ്ത ഇടവകകൾ**

1. Lourde Forane Church, Gandhipuram
2. St. Mark Church, Kuniamuthur
3. St. Mary's Mission Centre, Annoor
4. Holy Trinity Cathedral, Ramanathapuram

5. Lourde Matha Church, Erode
6. St. Antony's Church, Sasthri Nagar
7. CSI Church, Tirupur
8. Mount Carmel Church, Tirupur
9. St. Pauls Church, Pollachi

**പീസ് ഹോം സന്ദർശിച്ചവർ**

1. Staff & Students, St. Antony's Matric Hr. Sec. School, Karur
2. Staff & Students, Annai Mary Nursery & Primary School, Erode
3. Staff, Good Shephered Health Education Centre, Karamadai
4. Sr. Mary CMC and Old Students, Little Flower Convent School, Andipalayam

Fr. Vineeth O'praem, Director — Sr. Shainty SNDS, Superior



# ചിൽഡ്രൻസ് മിനിസ്ട്രി

## A. ചിൽഡ്രൻസ് മിനിസ്ട്രി

1. ചിൽഡ്രൻസ് മിനിസ്ട്രിയിലെ എല്ലാ കുട്ടികൾക്കും ഈസ്റ്ററിന്റെ ആശംസകൾ സ്നേഹപൂർവ്വം നേർന്നുകൊള്ളുന്നു. അതോടൊപ്പം, നല്ലൊരു അവധിക്കാലം ആശംസിക്കുന്നു. കൂടുതൽ തീക്ഷ്ണതയോടെ ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ എല്ലാ ഭാരവാഹികൾക്കും സാധിക്കട്ടെ!

2. മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഉത്തേജിപ്പിക്കുന്നതിനും ദശവത്സരത്തോടനുബന്ധിച്ചുള്ള രൂപതയുടെ 'ഭവന നിർമ്മാണ പദ്ധതി'യിലേക്കും ആവശ്യമായ സംഖ്യ സ്വരൂപിക്കുന്നതിന്റെ ഭാഗമായി സി.എം.എൽ., അൾത്താരസംഘം എന്നീ സംഘടനകൾ കൂപ്പൺ വിതരണം ചെയ്യുന്നുണ്ട് 10 രൂപ നിരക്കിൽ 50 കൂപ്പൺ അടങ്ങിയതാണ്, ഒരു കൂപ്പൺ ബുക്ക്. ഒന്നാം സമ്മാനം - സൈക്കിൾ, രണ്ടാം സമ്മാനം - ക്യാമറ, മൂന്നാംസമ്മാനം - സ്കൂൾ കിറ്റ്, കൂടാതെ 10 പ്രോത്സാഹന സമ്മാനങ്ങളും ഉണ്ടായിരിക്കുന്നതാണ്. സെപ്തംബർ 15 നാണ് കൂപ്പണിന്റെ കടക്കുറ്റി തിരിച്ചേൽപ്പിക്കേണ്ട അവസാന തിയ്യതി. നറുക്കെടുപ്പ് ഒക്ടോബർ 2ന് ആയിരിക്കും.

**ഏപ്രിൽ മാസത്തിൽ ഓർമ്മിക്കാനും ആചരിക്കാനും**

09- പെസഹാവ്യാഴം, 10- പീഡാനുഭവ വെള്ളി, 12- നമ്മുടെ കർത്താവീ

ശോമിശിഹായുടെ ഉയിർപ്പ് തിരുനാൾ, 17- വേദസാക്ഷികളുടെ തിരുനാൾ (സകല വിശുദ്ധരുടെയും), 19- പുതുഞായർ, 24 - വി. ഗീവർഗ്ഗീസ്, 25 - വി. മർക്കോസ് സുവിശേഷകൻ, 29 - സിയന്നായിലെ വി. കത്രീന

## B. ചെറുപുഷ്പ മിഷൻ ലീഗ്

എല്ലാ കുഞ്ഞുമിഷനറിമാർക്കും ഈസ്റ്ററിന്റെ മംഗളങ്ങൾ! ഓരോ ഈസ്റ്ററും നോമ്പിന്റെയും പരിത്യാഗത്തിന്റെയും മഹത്വം പ്രാപിക്കലാണ്. ഈ വർഷത്തെ ഈസ്റ്റർ കൊറോണയിൽ മുങ്ങി നിൽക്കുമ്പോൾ ലോകത്തിന് കൈത്താങ്ങാകുവാനുള്ള കൃപാവരം ഓരോ കുഞ്ഞുമിഷനറിമാർക്കും അനുഗ്രഹദായകമാകട്ടെ എന്ന് ആശംസിക്കുന്നു.

## C. അൾത്താരസംഘം

എല്ലാ അൾത്താരബാലന്മാർക്കും ഈസ്റ്ററിന്റെ ആശംസകൾ നേരുന്നു! വലിയ ആഴ്ച്ചയിൽ എല്ലാദിവസവും പ്രത്യേകിച്ച് ഈ അവധിക്കാലത്ത് കഴിയുന്ന എല്ലാ ദിവസവും ബലിയിൽ പങ്കുക്കൊള്ളുവാൻ എല്ലാ അൾത്താര ബാലന്മാരും ശ്രമിക്കുമല്ലോ? അതോടൊപ്പം, ഈ വർഷം അൾത്താരസംഘത്തിൽ നിന്നും വിരമിക്കുന്ന എല്ലാ അൾത്താരബാലന്മാർക്കും ഈശോയുടെ അനുഗ്രഹം തുടർന്നും ലഭിക്കുവാനും അനുദിന ബലിയർപ്പണത്തിൽ വീഴ്ചവരുത്താതിരിക്കുവാനുള്ള കൃപാവരം ഈശോ നൽകട്ടെയെന്ന് ആശംസിക്കുന്നു.

## D. തിരുബാലസഖ്യം

1. കുഞ്ഞുങ്ങളേ... എല്ലാവർക്കും ഈസ്റ്ററിന്റെ ആശംസകൾ! വലിയ ആഴ്ച്ചയിൽ നടക്കുന്ന തിരുക്കർമ്മങ്ങളിൽ കുഞ്ഞുങ്ങൾക്ക് ആദ്യം മുതൽ അവസാനം വരെ പങ്കുകൊള്ളുവാനുള്ള സൗകര്യം എല്ലാ മാതാപിതാക്കളും ശ്രദ്ധിക്കുമല്ലോ? അവധിക്കാലത്ത് അനുദിനം ബലിയർപ്പണത്തിനുള്ള സൗകര്യവും കുഞ്ഞുങ്ങൾക്ക് ചെയ്തുകൊടുക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ? ഈ വർഷത്തെ ഈസ്റ്ററിന് മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് നല്ലൊരു മാതൃകയായി തീരട്ടെ!

2. 'കോവിഡ്-19' എന്ന പകർച്ചവ്യാധി പടർന്നുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ കുഞ്ഞുങ്ങളുടെ ഏറ്റവും വലിയ ഉത്തരവാദിത്വമാണ് ഈശോയോട് പ്രാർത്ഥിക്കുക എന്നത്. കാരണം, ഈശോയ്ക്കിഷ്ടം കുഞ്ഞുങ്ങളുടെ പ്രാർത്ഥനയാണ്. ആയതിനാൽ, കുഞ്ഞുങ്ങളെല്ലാവരും ഈശോയോട് മാനവകുലത്തിന്റെ രക്ഷയ്ക്കായും പരീക്ഷകൾക്കായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന ചേട്ടന്മാർക്കും ചേച്ചിമാർക്കും വേണ്ടി പ്രാർത്ഥിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ!


**ഫാ. ടോമി പുന്നത്താനത്ത്,** ഡയറക്ടർ

# വൊക്കേഷൻ കമ്മീഷൻ

"YOU DID NOT CHOOSE ME, BUT I CHOSE YOU......"(JN.15:16)

**THE EPARCHY OF RAMANATHAPURAM**

VOCATION WEEK OBSERVANCE
(13-18, April 2020)
VOCATION CAMP
(14th April- 17th April, 2020)



"Vocation is a Challenge! Are you bold enough to come with me?"
The Singer of love of Palestine calls....

## "COME & FOLLOW-2020"

(Vocation Camp)

**St. Mary's Minor Seminary (For Boys), Vadakkukad, Pollachi**
led by Fr. Martin Pattarumadathil & Seminarians
**Santhom Pastoral Centre, Selvarajapuram (For Girls)**
led by Fr. Bijo Palayil & Sisters

Starts at 4.30pm on 14th April and ends at 10.30am on 17th April

**Points for Attention:**

a) The Parish Priests, the Asst. Parish Priests, the religious, Seminarians, Catechism teachers and parents are requested to send boys and girls who have completed X, XII classes and the above.
b) Registration Fee is **Rs.100/-per head.**
c) Bible, pen, notebook, blanket and toilet articles are to be brought by the participants.
d) The Priests, brothers and sisters of the religious communities doing ministry in the Eparchy will have opportunity to address the participants at 2.00pm on Thursday 16th April in the respective places of the Camp.
e) If any one of those, who would like to join the Minor Seminary this year, is unable to attend this three days' camp he should inform it to Rev. Fr. Joy Chittilappily, Rector of the Seminary before 30th March
f) Religious Communities are not allowed to conduct their own vocation camps before this Eparchial common orientation.

**To discern the way...To embrace Jesus, the Life...**
**To understand Jesus, the Truth... And to witness His Love**
**Jesus Himself invites you!!!**
**Prayer and guidance are essential for choosing the most fitting state of life.**

# PRAYER & FAST PROGRAMME

## From 13th-18th April 2020 at Holy Trinity Cathedral, Ramanathapuram

"...the harvest is plentiful, but the labourers are few: pray therefore the Lord of the harvest to send out labourers into His harvest" (Mt9:37-38).

a) ***The Inaugural Day*** (Monday 13-04-2020) Theme for Reflection: "**Family, the stream of vocation**"
09.30am: Holy Mass and Message: ***Msgr. George Narikkuzhi***
11.00am - 03.00pm: Adoration; 12.30-01.00pm Message: ***Mr. Shaju Thekkiniedath***
***Those who are to lead:*** ***MST, FCC (Ramanathapuram Forane), SABS, Mathrusangam***
***Others to Participate:*** Eparchial Priests, local Superiors of the Religious Communities, Faithful of the Parish: Ramanathapuram, Edayapalayam,Kodaikanal, Dindigul & Pithrusangam (Ramanathapuram forane parishes)

b) 2nd Day (Tuesday, 14. 04. 2020) Theme for Reflection: **"Vocation, the flowering of the family"**
09.30am - 03.00pm: Adoration: 12. 30 - 01.00pm Message: ***Mrs. Ancil Antony***
***Those who are to lead:*** ***SKD, CSM, FCC (Gandhipuram forane), CYM Office beareres of Gandhipuram forane***
***Others to Participate:*** The Parishes: Viswasapuram, Kavundampalayam, Gandhipuram, Valparai, Thanchavur, Dharapuram & Pithurusangam (Gandhipuram forane parishes)

c) 3rd Day (Wednesday 15. 04. 2020) Theme for Reflection **"Vocation, the gift of God"**
09.30am - 03.00pm: Adoration: 12.30 - 01.00pm Message: ***Ms. Sinu James***
***Those who are to lead:*** ***CMI, FCC(ErodeForane), CSC, CYM office bearers of Erode Forane*** Pithrusangam-Erode forane parishes, Mathrusangam (Erode forane parishes)
***Others to Participate:*** Parishes: Erode, Pallipalayam, Palladam, Kangayam, Karur, Chennimalai, Sasthri Nagar

d) 4th Day (Thursday 16. 04. 2020) Theme for Reflection **"Vocation,to be with Jesus"**
09.30am - 03.00pm: Adoration; 12.30-01.00pm Message: ***Fr. Dinu Madamby CMI***
***Those who are to lead:*** ***VC, CHF, ASMI***
***Others to Participate:*** Parishes: Ukkadam, Karunyamatha Chapel, Kuniamuthur, Poomarket, Vadavalli

e) 5th Day (Friday 17. 04. 2020) Theme for reflection **"Vocation, to be sent forth"**
09.30am - 03.00pm: Adoration: 12.30-01.00pm Message: ***Sr. Anjana CHF***
***Those who are to lead:*** ***CMC, OFM Con, LSMS, MMB, Mathrusangam Gandhipuram Forane.***
***Others to Participate:*** Parishes: Saibaba Colony, Periyanaikanpalayam, Tirupur, Udumalpet & Ottachitra

f) 6th Day (Saturday 18. 04. 2020): Theme for reflection **"Vocation to be broken and shared"**
09.30am - 02.00pm: Adoration: 12.30 - 01.00pm Message: ***Fr. Martin Pattarumadathil***
***Those who are to lead:*** ***CSS , Jesus Youth & CYM Office beareres of Ramanathapuram Forane***
***Others to Participate:*** Parishes: Pollachi, Karamadai, Mettupalayam, Namakkal, Suleswarampatty, *Salem, Trichy, Sulur, Podanur and the Students of Karunya Institute.*

**1:30 - 2:15 pm. Holy Hour (Led by the Major Seminarians of the Eparchy)**
**2:30 pm: Concluding Holy Mass and Message: Mar Paul Alappatt, Bishop of Ramanathapuram**
***Others to Participate:*** The Eparchial Major & Minor Seminarians,the Priests of the Eparchy, including the Religious, besides the Regional Superiors, three members each from each religious house, parents or guardians of priests, the religious, the seminarians and the religious candidates, Catechism teachers of the Eparchy, the Office bearers of Pithrusangam, Mathrusangam and CYM in the parish, Forane, and Eparchial levels, the Catechism students of X,XII classes and their parents.

Your presence, Prayers and Co - operation are earnestly requested for the success of the Eparchial **Vocation Camp** and the **"Prayer and Fast Programme"** of the Vocation Week.

| | | |
|---|---|---|
| **Fr.Joy Chittilappilly**<br>Eparchial Vocation Director | **Mar Paul Alappatt**<br>Bishop of Ramanathapuram | **Msgr. George Narikuzhi**<br>Vicar General |

**ഫാ. ജോയ് ചിറ്റിലപ്പിള്ളി**
രൂപതാ വൊക്കേഷൻ ഡയറക്ടർ

## ഫാമിലി അപ്പോസ്റ്റലേറ്റ്

**പ്രീ-കാന കോഴ്സ് :** അടുത്ത മെയ് 23, 24, 25 ദിവസങ്ങളിൽ പ്രീ-കാന കോഴ്സ് സാൻതോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. എത്രയും വേഗം പേരുകൾ രജിസ്റ്റർ ചെയ്യാൻ താല്പര്യപ്പെടുന്നു.

**ഫാ. ഡെറിൻ പള്ളിക്കുന്നത്ത്,** ഡയറക്ടർ



## പിതൃവേദി

രൂപതാ പിതൃവേദിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് കഴിഞ്ഞ മാർച്ച് 8-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് ഉക്കടം പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. അന്നേദിവസം മൂന്ന് വർഷം പിതൃവേദിയെ നയിച്ച റവ. ഫാ. ജോസഫ് ആലപ്പാടന് നന്ദിപറയുകയും രൂപതാ പിതൃവേദി ഡയറക്ടറായ റവ. ഫാ. പ്രിൻസൺ മഞ്ഞളി ചുമതലയേറ്റെടുക്കുകയും ചെയ്തു. മൂന്നുവർഷം രൂപതാ പിതൃവേദിയെ സ്തുത്യർഹമായി നയിച്ച ജോസഫ് ആലപ്പാടനച്ചന് അഭിനന്ദനവും നന്ദിയും രേഖപ്പെടുത്തുന്നു.

**ഫാ. പ്രിൻസൺ മഞ്ഞളി,** ഡയറക്ടർ

## സീറോ മലബാർ മാതൃവേദി

രാമനാഥപുരം രൂപതാ സീറോമലബാർ മാതൃവേദിയുടെ വാർഷികാഘോഷം മാർച്ച് 7-ാം തീയതി സാന്തോം പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. ഡയറക്ടർ റവ. ഫാ. ആന്റണി മേച്ചേരിപ്പടിയുടെ നേതൃത്വത്തിൽ ആരാധനയോടുകൂടി യോഗം ആരംഭിച്ചു. തുടർന്ന് ഭ്രൂണഹത്യയ്ക്കെതിരെയുള്ള പ്രതിഷേധം അറിയിച്ചുകൊണ്ട് പാസ്റ്ററൽ സെന്റർ അങ്കണത്തിനുള്ളിൽ മൗന ജാഥ നടത്തി. അഭിവന്ദ്യ പോൾ ആലപ്പാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുയോഗത്തിൽ പുതിയ ഡയറക്ടറച്ചന്മാർക്ക് സ്വീകരണവും അന്താരാഷ്ട്ര സീറോമലബാർ മാതൃവേദി ജോയിന്റ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി മേഴ്സി ജോസഫിന് ആദരിക്കൽ, 2019 കാലഘട്ടത്തിൽ രൂപതാ മാതൃവേദി നടത്തിയ കലാകായിക മത്സര വിജയികൾക്കുള്ള സമ്മാനദാനം എന്നിവ നടത്തുകയുണ്ടായി. തുടർന്ന് ലോക വനിതാദിനത്തോടനുബന്ധിച്ച് സാന്തോം സോഷ്യൽ സർവ്വീസ് ഡയറക്ടർ റവ. ഫാ. ജിയോ കുന്നത്തുപറമ്പിൽ അമ്മമാർക്ക് കാൻസർ ബോധവത്ക്കരണ ക്ലാസ്സ് എടുത്തു. തുടർന്ന് 2020-23 കാലയളവിലേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| Director | - | Rev. Fr. Antony Mecheripady |
| Asst. Director | - | Rev. Fr. Kiran George |
| Animator | - | Rev. Sr. Mary Anto FCC (Lourdes Forane Church) |
| President | - | Mrs. Sherly Simon (Ramanathapuram) |
| Vice President | - | Mrs. Sheeja Martin (Viswasapuram) |
| Secretary | - | Mrs. Reena Justin (Kuniamuthur) |
| Joint Secretary | - | Mrs. Rosamma Robert (Viswasapuram) |
| Treasurer | - | Mrs. Sophy Vincent (Ramanathapuram) |

രൂപതാനേതൃത്വത്തിന് എല്ലാവിധ പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശവും നല്കിയ ബഹു. ഷിന്റോ അച്ചനും, ജോർജ്ജച്ചനും സി. സൂനയ്ക്കും എല്ലാ ഭാരവാഹികൾക്കും ഈയവസരത്തിൽ നന്ദിയുടെ നറുമലരുകൾ അർപ്പിക്കുകയും പുതിയ നേതൃത്വനിരയ്ക്ക് എല്ലാവിധ ആശംസകളും നേരുകയും ചെയ്യുന്നു.

**ഫാ. ആന്റണി മേച്ചേരിപ്പടി,** ഡയറക്ടർ



## നവീകരണ മുന്നേറ്റം

കൊറോണ വൈറസിന്റെ ഇപ്പോഴത്തെ സാഹചര്യം നിലനിൽക്കുന്നതിനാൽ ഏകദിനധ്യാനവും ജാഗരണപ്രാർത്ഥനയും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നടത്തപ്പെടുന്നതല്ല.

**ഫാ. റോജോ പുരയിടത്തിൽ OFM Conv.,** ഡയറക്ടർ



## സാന്തോം സോഷ്യൽ സർവ്വീസ്

**Office Number : 9786137938**

1. 27-02-2020 ൽ മേട്ടുപാളയം സാൻ ജോസ് സ്കൂളിൽ കാൻസറിനെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തപ്പെട്ടു. ഉച്ചയ്ക്ക് 2.30ന് ആരംഭിച്ച ക്യാമ്പയിൽ വൈസ് പ്രിൻസിപ്പൾ സി. ആൻ ദീപ്തി എഫ്.സി.സി.യുടെ സ്വാഗത പ്രസംഗത്തോടുകൂടെ ആരംഭിച്ചു. SSSS ഡയറക്ടർ റവ. ഫാ. ജിയോ കുന്നത്തുപറമ്പിൽ ഉദ്ഘാടനം ചെയ്തു. കാൻസറിനെക്കുറിച്ചും അതിനെ എങ്ങനെ പ്രതിരോധിക്കണം എന്നതിനെക്കുറിച്ചും ഡോ. അജി ആന്റണി ക്ലാസ്സെടുക്കുകയും ചെയ്തു. 7, 8, 9 ക്ലാസ്സിലെ 300 ഓളം കുട്ടികൾ പങ്കെടുത്ത ബോധവത്ക്കരണ ക്ലാസ്സിൽ കാൻസറിനെതിരെ നാം എടുക്കേണ്ട മുൻ കരുതലുകളെക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാവുകയും രോഗത്തിന്റെ ഗൗരത്തെക്കുറിച്ച് മനസ്സിലാവുകയും ചെയ്തു.
2. വിശ്വാസപുരം വിമൽ ജ്യോതി സ്കൂളിൽ 28-02-2020 ൽ 8, 9, 10 ക്ലാസ്സിലെ കുട്ടികൾക്കുവേണ്ടി കാൻസറിനെക്കുറിച്ചുള്ള ബോധവ





ത്ക്കരണ ക്ലാസ് നടത്തപ്പെട്ടു. സി. ലിജി സി.എം.സി. സ്വാഗതം ആശംസിക്കുകയും റവ. ഫാ. ജിയോ കുന്നത്തുപറമ്പിൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കാൻസർ വരുന്നതിന്റെ കാരണങ്ങളിൽ പ്രാധാന്യം അർഹിക്കുന്ന ഫാസ്റ്റ് ഫുഡ് രീതിയെക്കുറിച്ചും അതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും മദ്യപാനം, പുകവലി എന്നിവയുടെ ഉപയോഗത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ചും ഡോ. അജി ആന്റണി ക്ലാസ്സെടുത്തു. രാവിലെ 11.30ന് ആരംഭിച്ച ക്ലാസ്സിൽ 730 കുട്ടികൾ പങ്കെടുക്കുകയും കാൻസർ നമ്മുടെ നാട്ടിൽ നിന്നും ഉന്മൂലനം ചെയ്യുന്നതിന്റെ ഭാഗമായ് പ്രതിജ്ഞ എടുക്കുകയും ചെയ്തു.

3. 02-03-2020 ൽ ജഡയംപാളയം സെന്റ് ജോസഫ് സ്കൂളിൽ രാവിലെ 10.30ന് കാൻസറിനെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സ് നടത്തപ്പെട്ടു. റവ. സി. ജോളി ചാക്കോ സ്വാഗതം നേരുകയും SSSS ഡയറക്ടർ റവ. ഫാ. ജിയോ കുന്നത്തുപറമ്പിൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കാൻസർ എന്ന രോഗം എന്താണെന്നും അതിന് എങ്ങനെ നമുക്ക് നേരിടുവാൻ സാധിക്കുമെന്നും എന്തെല്ലാം മുൻകരുതലുകൾ നാം സ്വീകരിക്കണം എന്നതിനെക്കുറിച്ചും ഡോ. അജി ആന്റണി തന്റെ ക്ലാസ്സിലൂടെ പങ്കുവച്ചു. 150 കുട്ടികൾ പങ്കെടുത്ത ബോധവത്ക്കരണ ക്ലാസ്സ് വിജയമായിരുന്നു.

4. സെന്റ് മേരീസ് സ്കൂൾ അണ്ണൂരിൽ 06-03-2020 ൽ രാവിലെ 10.30ന് കാൻസർ ക്യാമ്പയിൽ നടത്തപ്പെട്ടു. സി. ഷീജ സ്വാഗതം ആശംസിക്കുകയും ഡോ. അജി ആന്റണി കാൻസറിനെക്കുറിച്ച് ക്ലാസ്സെടുക്കുകയും ചെയ്തു. ലളിതവും രസകരവുമായ ക്ലാസ്സിൽ കാൻസർ എന്ന രോഗത്തെക്കുറിച്ചും നാം ശ്രദ്ധിക്കേണ്ടതായ കാര്യങ്ങളെക്കുറിച്ചും 5, 6, 7 ക്ലാസ്സിലെ കുട്ടികൾക്കായ് തന്റെ ആശയങ്ങൾ പങ്കുവെയ്ക്കുകയും ചെയ്തു. 300 ഓളം കുട്ടികൾ പങ്കെടുത്ത ക്ലാസ്സിൽ കുട്ടികളുടെ സംശയങ്ങൾ തീർക്കുവാനും അവസരം ലഭിച്ചു.

5. 07-03-2020 ൽ സാൻതോം പാസ്റ്ററൽ സെന്ററിൽ വച്ച് മാതൃദിനം ആഘോഷിച്ചു. കാൻസറിനെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായ് റാലിയും അതിനെക്കുറിച്ച് റവ. ഫാ. ജിയോ കുന്നത്തുപറമ്പിലിന്റെ നേതൃത്വത്തിൽ ക്ലാസ്സ് നയിക്കുകയും ചെയ്തു.

**ഫാ. ജിയോ കുന്നത്തുപറമ്പിൽ,** ഡയറക്ടർ

# MEDICAL FRATERNITY

Holy trinity cathedral Mathuruvedi invited Medical Fraternity doctors to conduct an awareness class on health hygiene . On receiving their invitation on March 15 th 2020 Sunday Dr C. J Jacob Raymond MD (Ayu) rendered a speech and showed the practical way of hand washing technique , cleanliness and how to boost our immune system in a simple way. This health awareness class was attended by more than 80 mathurvedi members .We thank all the participants for their presence and cooperation.

## Topic – General Health Hygiene


We people are not bothered about our self hygiene. we take food from road side foot stalls , spitting on road ,we even take our slippers or shoes even to our bed rooms ,not cutting nails ,not proper washing of hands and we never cover our face while coughing or sneezing. This is the time that we should be too much cautious about health since there is an out break of corona virus. we should be cautious with at least some precautionary health discipline. Even though some research papers shows that the transmission of the virus or bacteria are comparatively low when the temperature of the atmosphere is above 30 Degree C. We should follow the guide lines strictly given by the government or by the health department from time to time .So that the disease may not transmit any further.

**The 10 Mantra that will help you during Corona Out Break.**

- Washing hands in a proper way with soap from elbow to the tip of each finger at least before taking food because virus may enter through eyes, nose or through mouth
- Cutting nails and make it dirt free
- Keep your sandals outside ( slippers / shoes )
- Bath daily and clean your foot with water before entering to your house like the old tradition
- Do not shake your hands or hug any one
- Avoid crowded area or any gathering or avoid unnecessary travel to places were temperature is low

- Do not take uncooked food or maximum avoid outside food
- Use hand kerchief always while coughing or sneezing and Use a mask only when you have cough or cold .
- Drink plenty of water ,at least 4 lit a day and expose your body to early morning sun to get Vitamin D.
- Try to improve your immunity .The immune system is dependent on the quality of healthy food we take in .In general body needs essential minerals and vitamins to boost our immunity. So even vitamin & essential mineral tablets also can help you .

**Prepared by Dr C.J Jacob Raymond MD (Ayu)**
AYUR WORLD



Fr. Johnson Veeppattuparambil,
Director

(Sd-)
Dr. Ajith Shinto,
President

(Sd-)
Sr. Sudeepa CMC, Secretary

---

## വിവിധ പള്ളികളിലെ കുർബാന സമയം

**ഹോളി ട്രിനിറ്റി കത്തീഡ്രൽ** : Sunday 6.00am, 8.30am, 11.00am, 5.00pm, Monday-Saturday 6.00am, 6.00pm On Fridays Adoration 6.00am - 6.00pm, Holy Rosary before everyday Mass

**കാരുണ്യമാതാ ചർച്ച്, കാരുണ്യ നഗർ** : Sunday 8.30am, Rosary every day at 6.30pm

**സെന്റ് ജോസഫ് മിഷൻ സെന്റർ** (SITRA) : Sunday 8.30am, Tuesday 6.30pm

**സെന്റ് പോൾസ്, പൊള്ളാച്ചി** : Sunday 6.15 am, 9.30am , Monday, Tuesday, Wednesday, Thursday, Saturday 6.15am - Friday 5.30pm, Novena, Qurbana, Adoration, Saturday 6.15am, Qurbana, Novena

**സെന്റ് എലിസബത്ത് സൂലേശ്വരംപട്ടി** : Sunday : 7.30am, Wednesday 6.00pm

**സെന്റ് സെബാസ്റ്റ്യൻ, ഉക്കടം** : Sunday 6.00am, 7.30am Monday to Thursday & Saturday 6.15am Friday 5.30pm Mass & Adoration

**സെന്റ് ക്ലൊത്തിൽഡ, പോത്തന്നൂർ** : Sunday 7.00am & 9.00am, Monday to Saturday 6.15am, First Friday 6.15pm

**സെന്റ് ജോസഫ്, പൂമാർക്കറ്റ്** : Vadavally : Sunday 6.45am Poomarket : Sunday 8.30am, Monday to Saturday - 6.15am First Friday 6.00pm

**സെന്റ് മാർക്ക് ചർച്ച്, കുനിയമുത്തൂർ** : Monday, Tuesday & Saturday 6.30am, Other days - 6.30pm Sunday 6.30am & 9.30am

**പുന്നശ്ശേരി നെസ്റ്റ്, എട്ടിമടൈ** : Sunday 7.45am

**ലൂർദ്ദ് ഫൊറോന, ഗാന്ധിപുരം** : Sunday 6.15am, 8.15am, 10.30am, 5.30pm Monday - Saturday 6.15am, Monday - Saturday 6.00pm

**ഇൻഫന്റ് ജീസ്സസ്, ഇടയാർപാളയം** : Sunday 6.00am, 8.30am; Mon, Tue, Wed, Sat - 6.15 am; All Thursdays 10.15am (Tamil), 6.00pm and Novena to Infant Jesus; All Fridays adoration 7.00am to 6.00pm; All last Thursday evening Bible Convention - 5.30pm - 9.00pm

**സെന്റ് ജോസഫ്, കൗണ്ടംപാളയം** : Sunday 6.30am, 8.00am; Monday - Saturday : 6.15am Wednesday & Friday (2nd Qurbana) : 6.30pm

**സെന്റ് ആന്റണീസ്, വിശ്വാസപുരം** : Sunday 6.30am & 8.30am, Monday, Tuesday, Wednesday 6.15am; Thursday, Friday, Saturday 6.15pm

**വി. ജോൺപോൾ മിഷൻ സെന്റർ പെരിയനായ്ക്കൻപാളയം**: Sunday 8.00am & Saturday 5.00pm

**ഗുഡ് ഷെപ്പേർഡ് ചർച്ച്, കാരമടൈ** : Sunday 8.00am - Monday to Thursday 6.15am, Friday 6.00pm, Saturday 6.15am, Novena

**ലിറ്റിൽ ഫ്ളവർ, സായിബാബ കോളനി** : Sunday 6.15am, 8.30am,Tuesday & Friday - 6.15am & 6.00pm, Other days 6.15am

**സെന്റ് തോമസ്, സൂളൂർ** : Sunday 8.00am, Tuesday - Saturday 5.30pm

**ജീവൻ ജ്യോതി മിഷൻ സെന്റർ, ചിന്നത്തൊട്ടിപ്പാളയം** : Sunday 7.30am, Monday to Saturday 6.30am, Wednesday 6.30pm

**മൗണ്ട് കാർമ്മൽ ചർച്ച്, തിരുപ്പൂർ** : Sunday 6.30am, 8.30am, Monday to Saturday 6.15am, Adoration- Every Friday 5.45am

**സെന്റ് ആന്റണീസ്, കാങ്കയം** : Sunday 7.30am

**സെന്റ് ആന്റണീസ് മിഷൻ സെന്റർ, ചെന്നിമലൈ** : Sunday 8.00am Monday, Wednesday to Saturday 6.45am, Tuesday : 6.00pm

**സെന്റ് ജൂഡ് മിഷൻ സെന്റർ, ധാരാപുരം** : Sunday : 7.30am, Friday : 6.30pm & Saturday : 6.30am

**ലൂർദ്ദ്മാതാ ഫൊറോന, ഈറോഡ്**: Sunday8.30am - 10.30am, Monday - Friday 6.30am, Saturday 6.00pm, First Friday - 6.30pm

**സെന്റ് ആന്റണീസ് , ശാസ്ത്രീനഗർ** : Sunday 7.00am - Tuesday 6.30pm Novena, Saturday 6.30pm

**മാതാകോവിൽ, ഈറോഡ്**: Sunday 4.00pm

**സെന്റ് ആന്റണീസ് , കരൂർ** : Sunday 8.00am, Wednesday - Saturday 6.45am

**സെന്റ് ജോസഫ്, മേട്ടുപാളയം** : Sunday 8.30am, Monday, Tuesday, Thursday, Saturday - Adoration 5.30am & Qurbana 6.15am, Wednesday & Friday 6.00pm

**സെന്റ് അൽഫോൻസ മിഷൻ സെന്റർ, മേട്ടുപാളയം** : Sunday 6.30am

**സെന്റ് മേരിസ് മിഷൻ സെന്റർ, അന്നൂർ** : Monday to Saturday 6.15am, Sunday 7.30am

**സെന്റ് സെബാസ്റ്റ്യൻ, ഉദുമൽപ്പേട്ട്** : Sunday 8.00am - Monday to Saturday 6.15am; Friday 5.30pm - 6.30pm Adoration, Holy Mass 6.30pm

**സെന്റ് അൽഫോൻസ മിഷൻ സെന്റർ, പല്ലടം** : Sunday 7.00am, Tuesday & Friday 5.30pm

**സെന്റ് മേരീസ് ചർച്ച്, സേലം** : Weekday: Adoration - 6.00am, Holy Mass 6.30am; First Friday -6.30pm, Saturday - Holy Mass & Novena 7.00pm; Sunday Youth Mass - 7.15am; 9.30am, 11.15am; At Namakkal - 4.00pm; Every 2nd Friday Night Vigil - 6.30pm

**ക്രിസ്ത്യൻ എഞ്ചിനിയറിംഗ് കോളേജ്, ഒട്ടംചിത്ര** : Sunday 11.30am

**സെന്റ് അൽഫോൻസ സീറോമലബാർ മിഷൻ സെന്റർ, കൊടൈക്കനാൽ** : Sunday 7.30am

**ഹോളി റെഡീമർ ബസലിക്ക, പാലക്കരൈ, ട്രിച്ചി** : Sunday 7.15am

**സെന്റ് ജെയിംസ് ചർച്ച്, മെഴുക്കുപ്പാറ, ട്രിച്ചി** : Sunday 9.30am

**NIT, ട്രിച്ചി** : Sunday 11.30am

**സെന്റ് മദർ തെരേസ സീറോമലബാർ മിഷൻ സെന്റർ, തഞ്ചാവൂർ** : Sunday 7.00am

**സെന്റ് ലിറ്റിൽ ഫ്ളവർ, ദിണ്ടിഗൽ** : Sunday 7.45am

## SNIPPETS

| | | |
|---|---|---|
| 1. | Starting of the Coimbatore Mission | 29th April 1955 |
| 2. | Formation of Coimbatore Forane | Nov. 1973 |
| 3. | Erection of the Eparchy of Palghat | 20th June 1974 |
| 4. | Inauguration of the Eparchy of Palghat | 8th Sept 1974 |
| 5. | Inauguration of the Coimbatore Region and Formation of 3 Foranes | 1st May 2008 |
| 6. | Erection of the Eparchy of Ramanathapuram | 18th Jan 2010 |
| 7. | Inauguration of the Eparchy of Ramanathapurm & Episcopal Ordination o f Msgr. Paul Alappatt | 11th April 2010 |
| 8. | Inauguration of the Ist Pastoral Council | 29th April 2010 |
| 9. | Ist Eparchial Day & Releasing of the Eparchia Logo and Anthem (Chief Guest: Mar Andrews Thazhath, Metropolitan Archbishop of Trichur) | 4th July 2010 |
| 10. | Inauguration & Blessing of Eparchial Catechetical Centre (Gandhipuram) & Animation Centre (Ukkadam) (Temporary) | 12th October 2010 |
| 11. | Blessing of the Arokiamatha Chapel, Pollachy | 18th October 2010 |
| 12. | Blessing & Inauguration of "Santhom Creations", Tirupur | 25th October 2010 |
| 13. | Blessing foundation Stone for the Eparchial Minor Seminary (H.E. Mar Jacob Manathodath) | 06th January 2011 |
| 14. | Inauguration of the 2nd Pastoral Council | 11th June 2011 |
| 15. | Inauguration of "St. Mary's Minor Seminary", at temporary building in Edayapalayam | 12th June 2011 |
| 16. | Releasing of the 1st Diocesan Directory (Mar Bosco Puthur) | 03rd July 2011 |
| 17. | Inauguration of the Mission Year | 10th Sept. 2011 |
| 18. | Inauguration of the Diocesan Website | 10th Sept. 2011 |
| 19. | Consecration of the Karunya Matha Church Karunya Nagar (Perur) | 08th Dec. 2011 |
| 20. | Erection of the Parish Udumalpet | 07 Jan. 2012 |
| 21. | Starting of the Dharapuram Mission | 4th March 2012 |
| 22. | Blessing of the Presbytery, Karamadai | 06th May 2012 |
| 23. | The Pastoral visit of the Major Archbishop Mar George Cardinal Alencherry | 6th-8th July 2012 |
| 24. | 03rd Eparchial day | 8th July 2012 |
| 25. | Blessing of the foundation stones for Bishop's House & Pastoral Centre by the Major Archbishop | 8th July 2012 |
| 26. | Erection of the Parish Sulur Aero | 15th July 2012 |
| 27. | Inauguration of the Eparchial Santhom Social Service Society | 18th August 2012 |
| 28. | Laying foundation Stone for the Minor Seminary at Kozhinjampara | 18th January 2013 |
| 29. | Consecration of the Good Shepherd Church, Karamadai | 20th January 2013 |
| 30. | Starting of Vadavally Mission | 10th February 2013 |
| 31. | Starting of Ettimada Mission | 17th February 2013 |
| 32. | Starting of St. Alphonasa Mission, Edayarpalayam (Mettupalayam) | 03rd March 2013 |
| 33. | Starting of Athipalayam Pirivu Mission(Ganapathy, Gandhipuram) | 11th August 2013 |
| 34. | Starting of Sowripalayam Mission | 20th October 2013 |
| 35. | Consecration of the St. Judes Church, Dharapuram | 21st Dec. 2013 |
| 36. | Sifting of the Minor Seminary to the New building in Vadakkukadu (Kozhinjampara) | 06th Jan 2014 |
| 37. | Consecration of St. Alphonsa Church, Palladam | 1st Feb 2014 |
| 38. | Starting of Holy Mass at Peelamedu (Sitra) | 2nd Feb 2014 |
| 39. | Blessing of Presbytery, Dharapuram | 23rd Feb 2014 |
| 40. | Perpetual Adoration Centre at Lourde Forane Church, Gandipuram | 8th Dec 2014 |

| | |
|---|---|
| 41. Laying foundation stone for Mother Theresa Peace Home, Tirupur | 11th Apr 2015 |
| 42. Laying foundation stone for the new church at Kuniamuthur | 25th Apr 2015 |
| 43. “Samarpithavarsham” at Ramanathapuram Cathedral in connection with the year of the Consecrated (2014 Nov. 30-2016 Feb.02) | 14th Jun 2015 |
| 44. Laying Foundation Stone for the Community hall at “Rosary Garden” (RNM) | 11th Aug 2015 |
| 45. Laying of the Foundation stones for Bishop’s house and Pastoral Centre (by Mar Paul Alappatt) | 06th Nov 2015 |
| 46. Formal blessing & inauguration of St. Mary’s Minor Seminary, Vadakkukad (Pollachi) by Mar Andrews Thazhath, Metropolitan Archbishop of Trichur | 08th Dec 2015 |
| 47. Opening of the “Door of Divine Mercy” at Cathedral | 13th Dec 2015 |
| 48. 2nd Diocesan Bible convention at Ramanathapuram (Alvernia School Ground) | 18-22nd Dec 2015 |
| 49. Protest rally & Meeting at Ramanathapuram against attach on a priest and three lay people in the diocese | 07th Feb 2016 |
| 50. Blessing of the first phase of the Mother Theresa Peace Home | |
| 51. Blessing & laying of the foundation stone for St. John Paul Mission centre, Periyanaickampalayam (Bishop Paul Alappatt) | 23rd May 2016 |
| 52. Blessing of the grotto, Kindergarten section & Kids park, at St. Joseph's school, Jadayampalayam (Bishop Paul Alappatt) | 07-6-2016 |
| 53. Formal blessing & inauguration of Mater Dei ICSE school at temporary building in Singanalloor (Bishop Paul Alappatt) | 09-6-2016 |
| 54. The first feast of St. Mother Theresa of Kalkota in the diocesan level At Holy Trinity Cathedral, Ramanathapuram | 09-10-2016 |
| 55. Blessing of the chapel at St. Joseph's Matri. Higher sec. School Jadayampalayam | 19-10-2016 |
| 56. Blessing of Holy Family Priest Home, Ganapathy | 06-11-2016 |
| 57. First Eparchial Convention of Catholica Congress | 20-11-2016 |
| 58. Blessing of Second phase of Mother Theresa Peace Home | 01-05-2017 |
| 59. 4th Pastoral Council | 18-06-2017 |
| 60. Bishop Joseph Irimpen Memorial Eparchial Quiz Competition (Ed. 1) | 18, 25 June 2017 |
| 61. 8th Eparchial Day | 02-07-2017 |
| 62. Foundation stone laid for "Mater Dei ICSE School" at Pattanam, CBE (Bishop Paul Alappatt) | 08-09-2017 |
| 63. Extension of the territory of the Eparchy (Decree No. 38/2010) | 10-10-2017 |
| 64. 4th Diocesan Bible convention at Ramanathapuram (Alvernia School Ground) | 24-26th Nov 2017 |
| 65. Handing over of the Syro-Malabar St. Mary's Parish (from the diocese of Salem to the eparchy of Ramanathapuram By Bishop Sebastianappan Singorayan of Salem) | 20-1-2018 |
| 66. Consecration of St. Joseph's church ( reconstructed) at Kaundampalayam (By Bishop Paul Alappatt) | 21-1-2018 |
| 67. First meeting of the bishop with the Syro-Malabar faithful at Pallipalayam (Namackal) | 06-3-2018 |
| 68. First meeting of the bishop with the Syro-Malabar faithful at Dindigal | 17-3-2018 |
| 69. First meeting of the bishop & the Holy Mass with the Syro-Malabar faithful at Kodaikanal | 18-3-2018 |
| 70. First meeting of the bishop with the Syro –Malabar faithful (mainly students) at Christian College of Engineering & Technology at Ottachithram (Dindigal) | 18-3-2018 |
| 71. First Holy Mass for the Syro –Malabar faithful (mainly students) at Christian College of Engineering & Technology at Ottachithram (Dindigal) (on Palm Sunday) | 25-3-2018 |
| 72. First meeting of the bishop & the Holy Mass with the Syro-Malabar faithful at Thanchavoor (in the house of Mr. Babu & Mrs. Sheela, Parappully) | 03-6-2018 |
| 73. Consecration of the renovated St. Paul’s parish church, Pollachi (by Bishop Paul Alappatt) | 01-7-2018 |

74. Blessing and starting of St. Alphonsa FC convent at a rented house in Trichy 03-7-2018
75. Consecration of St. John Paul church, Periyanaickampalayam (by Bishop Mar Paul Alappatt) 07-7-2018
76. Blessing of CMC convent (Idukki province) at a temporary building in Kodaikanal 22-7-2018
77. Blessing and Inauguration of Mater Dei School, Pattanam, CBE. 15-8-2018
78. Blessing of the Holy Family Convent at temporary building at Thanjavur 24-02-2019
79. Foundation stone for the third phase of the Mother Theresa Peace Home, Tirupur laid by Mar Paul Alappatt 13-4-2019
80 Inauguration of the Decennial year of the eparchy of Ramanathapuram at Holy Trinity Cathedral (by Mar Paul Alappatt) 15-4-2019
81 Blessing of the Shefi Aaram F.C. Convent at Ettimadai 22-4-2019
82 Blessing & inauguration of the Bishop's House, (Trichy road, Selvarajapuram, P.O. Chinthamanipudur) by Abp. Andrews Thazhath in the presence of Mar Jacob Manathodath, Mar Pauly Kannookadan, Mar Paul Alappatt, TN Minister S.P. Velumany) 09-6-2019
83. Blessing & inauguration of Santhom Pastoral centre, (Trichy road, Selvarajapuram, P.O. Chinthamanipudur) by Bp. Jacob Manathodath in the presence Abp. Andrews Thazhath, Mar Pauly Kannookadan Mar Paul Alappatt, TN Minister S.P. Velumany) 09-6-2019

# 5th EPARCHIAL PASTORAL COUNCIL (2020-'23)





**5–ാം പാസ്റ്ററൽ കൗൺസിൽ അജണ്ടാകമ്മിറ്റി അംഗങ്ങൾ**
ഫാ. ജോസ് പോൾ സി.എം.ഐ., സി. ക്രിസ്റ്റി സി.എൻ.സി., ശ്രീ. എം.എ. ജെയിംസ്, ശ്രീമതി എ.ജെ. ഗീത, ശ്രീ. അശ്വിൻ മൈക്കിൾ

പാലക്കാട് രൂപതയുടെ നിയുക്ത സഹായമെത്രാൻ മോൺ. പീറ്റർ കൊച്ചുപുരയ്ക്കലിന് സ്വീകരണം നൽകുന്നു.



*With best compliments from*

**SAINT JOSEPH NURSERY SCHOOL**

Kattoor, Mettupalayam.

**AROKIAMATHA MATRICULATION SCHOOL**

Mahalingapuram, Pollachi - 02.

**TRINITY MATRICULATION HIGHER SECONDARY SCHOOL**

(Recognised by Government of Tamilnadu)

1872, Trichy Road, Ramanathapuram, Coimbatore - 641 045.

**SAINT CLOTHILDA PLAY SCHOOL**

Vellalore Road, Podanur.



# EPARCHY OF RAMANATHAPURAM

